
# Lourde Voice

# ലൂർദ്ദ് വോയ്സ്

OCT - NOV 2021





## LOURDES FORANE CHURCH

**GANDHIPURAM, COIMBATORE**

**WWW.LOURDESFORANE.COM**





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BEETEX®
INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

## ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 3 ഒക്ടോബർ – നവംബർ 2021 ലക്കം 09

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Jeevan Poruthur CMI
Ph: 9344177797
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Mr. Joffy C. J.
Kaikkars
Mr. Thomas Prabhu
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164

എഡിറ്റോറിയൽ

ഇടയമൊഴി

Least Lost Last

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ

SMYM

ഓർമ്മിക്കേണ്ട ദിവസങ്ങൾ


സഭാവാർത്തകൾ

Youth Corner

Catechism News

Kids Corner

Marian Knowledge



എഡിറ്റോറിയൽ

## ക്രൈസ്തവരെ... ജാഗരൂഗകരായിരിക്കുവിൻ!!! ഇന്ന് സിനിമ... നാളെ ???

ഏതൊരു സമൂഹത്തിന്റെയും കെട്ടുറപ്പിന്റെയും നിലനില്പിന്റെയും പ്രധാനഘടകങ്ങളിലൊന്ന് അതിന്റെ വിശ്വാസ സത്യങ്ങളാണ്. ആ വിശ്വാസ സത്യങ്ങളെ അവഹേളിക്കാനും, അതിന്റെ കടക്കൽ കോടാലി വെയ്ക്കാനും ശ്രമിച്ചാൽ എങ്ങനെയാണ് പ്രതികരിക്കാതിരിക്കുക. കഴിഞ്ഞ 10 വർഷങ്ങളായി മലയാള സിനിമയിൽ വർദ്ധിച്ചുവരുന്ന ക്രൈസ്തവ അവഹേളനത്തിനെതിരെ കൂടിയാണ് ക്രൈസ്തവരുടെ പ്രതിഷേധം സിനിമയിൽപ്പോലും വേരോടി പന്തലിച്ചു കൊണ്ടിരിക്കുന്ന, സമൂഹത്തിൽ ഭിന്നത ഉണ്ടാക്കാൻ കെല്പ്പുള്ള ഈ വർഗ്ഗീയ താത്പര്യത്തെ നാം മുളയിലെ നുള്ളേണ്ടതായിരുന്നില്ലേ?

ചോദ്യപേപ്പറിൽ "മുഹമ്മദ്" എന്ന പേര് വന്നാൽ ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകന്റെ കൈവെട്ടുന്ന നാട്ടിൽ "Not from the Bible" എന്ന മുൻകൂർ ജാമ്യത്തിന്റെ ആവശ്യമില്ലാതെ തന്നെ "ഈശോ" എന്ന പേരിൽ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ കൂട്ടും പിടിച്ചുകൊണ്ട് ആക്ഷേപഹാസ്യ സിനിമയിറക്കാം. കൂടിയാൽ ഒരു മെഴുകുതിരി പ്രതിഷേധം; അല്ലെങ്കിൽ പ്ലക്കാർഡുകൾ പിടിച്ച് പള്ളിമുറ്റത്തൊരു ധർണ. ചില മുഖപത്രങ്ങളിൽ മാത്രം ഉൾപേജിൽ ചെറിയൊരു വാർത്തയും ഫോട്ടോയും തീർന്നു നസ്രാണിയുടെ പ്രതിഷേധം.

മലയാള സിനിമയിലെ നടനായ പ്രശസ്ത സംവിധായകന്റെ റിലീസിങ്ങിന് തയ്യാറെടുക്കുന്ന രണ്ട് സിനിമകളുടെ പേരുകളാണ് ക്രൈസ്തവരുടെ മതവികാരത്തെയും വിശ്വാസത്തെയും വ്യണപ്പെടുത്തുന്നത്. ആദ്യത്തെ സിനിമ "ഈശോ", മറ്റേതിന്റെ പേര് "കേശു ഈ വീടിന്റെ നാഥൻ". കച്ചവട താല്പര്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് സിനിമകൾക്ക് ഇത്തരം പേരുകൾ നൽകുന്നത് ലക്ഷകണക്കിന് വിശ്വാസികളുടെ മനസ്സിനെമുറിവേൽപ്പിക്കുന്ന കാര്യമാണ്. ഇത്, അക്ഷരാർത്ഥത്തിൽ കർത്താവിനെ കച്ചവടമാക്കാനുള്ള പരിപാടിയല്ലാതെ മറ്റെന്താണ്?

കലാകാരന്മാരെയും കലയെയും അകമഴിഞ്ഞ് സ്നേഹിക്കുകയും

അവർക്ക് വേണ്ടി ജീവിതം മുഴുവൻ വ്യയം ചെയ്യുകയും ചെയ്ത മഹാനുഭാവനായ ആബേലച്ചൻ സ്ഥാപിച്ച ' കൊച്ചിൻ കലാഭവൻ' നമുക്കെല്ലാവർക്കും സുപരിചിതമാണല്ലോ. അവസരം ചോദിച്ചും, അഭയം തേടിയും വരുന്നവരെ കൈവിടാത്ത അച്ചനെ, കുരങ്ങിന്റെ ചാട്ടവും പട്ടിയുടെ കുരയും, പൂച്ചയുടെ കാറലും കാട്ടി കലാഭവനിൽ കയറിപ്പറ്റിയ സംവിധായകൻ, അതേ കലാഭവനിലൂടെ പ്രശസ്തിയും സമ്പത്തും ആരാധക വൃന്ദങ്ങളും ആയപ്പോൾ, അവസാനശ്വാസം വരെ തന്റെ മൺമറഞ്ഞുപോയ ഗുരുനാഥൻ പവിത്രമായി അധരങ്ങളിൽ കൊണ്ടുനടന്ന "ഈശോ" എന്ന നാമത്തെയാണ് ആക്ഷേപഹാസ്യമായി അച്ചന് ഗുരുദക്ഷിണയായി സമർപ്പിക്കുന്നത്. അതിനൊരു അടിക്കുറിപ്പും,"Not from the Bible" ബൈബിളിൽ നിന്നല്ലാതെ എവിടെ നിന്നാണ് 'ഈശോ'യെന്ന പേര് കിട്ടിയതെന്ന് ആ വ്യക്തിയോട് തന്നെ ചോദിക്കണം. ആബേലച്ചന്റെ മുറിയടക്കം ക്രൈസ്തവ ഭവനങ്ങളുടെ പ്രധാനവാതിലുകളിൽ എഴുതിവച്ചിട്ടുള്ള "യേശു ഈ വീടിന്റെ നാഥൻ" എന്നുള്ള നമ്മുടെ ശരണമന്ത്രത്തെ ആക്ഷേപിക്കാനല്ലാതെ പിന്നെന്തിനാണ്. കൃത്യമായ അജണ്ടകളുള്ള, പിന്തുണക്കാൻ രഹസ്യസ്വഭാവമുള്ള സംഘടനകളുടെ പിന്തുണയുള്ള ഈ സംവിധായകൻ 'കേശു ഈ വീടിന്റെ നാഥൻ' എന്ന് പേരുമാറ്റി ഇത്തരം ഒരു അധമ പ്രവൃത്തിയ്ക്ക് ഇറങ്ങി പുറപ്പെട്ടത്. ഗുരുശിഷ്യബന്ധത്തെപറ്റി പതിറ്റാണ്ട് മുമ്പ് വള്ളത്തോൾ 'ശിഷ്യനും മകനും' എന്ന കവിതയിൽ പാടി വച്ചത് അച്ചട്ടായി.

" കിട്ടിലയോ ദക്ഷിണവേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നീദാനം
വിദ്യാർപ്പണം പാത്രമറിഞ്ഞുവേണം".

ഈശോയെന്ന ദൈവത്തിന്റെ ഏകപുത്രന്റെ നാമം സ്വർഗ്ഗം നേരിട്ട് വെളിപ്പെടുത്തിയ നാമമാണ്. ഒരു ക്രൈസ്തവനെ സംബന്ധിച്ച് അവന് ആ നാമം എല്ലാമാണ്. 'യേശു എന്ന വാക്കിയന്റെയർത്ഥം' "യഹോവ രക്ഷയാകുന്നു" എന്നാണ്. പൗരസ്ത്യ സുറിയാനിയിൽ 'ഈശോ' എന്നും, പാശ്ചാത്യ സുറിയാനിയിൽ 'യേശു' എന്നുമാണ് ഈ വാക്കിന്റെ ഉച്ചാരണം വിശുദ്ധന്മാർ മരണത്തിന് മുൻപായി ഉരുവിടുന്ന വാക്കും, എഴുത്തിനിരുത്തുമ്പോൾ പുരോഹിതൻ കൊച്ചുകുട്ടികളെ എഴുതിച്ചു തുടങ്ങുന്നതും "ഈശോ" എന്ന പരിപാവനനാമമാണ്. ഈശോ എന്ന നാമം ഉരുവിടുന്നതിലൂടെ നമ്മുടെ ആത്മാവിൽ അത്ഭുതകരമായ ഫലങ്ങൾ ഉരുവാ

കുകയും, ദുഃഖം നിറഞ്ഞ ഹൃദയങ്ങളെ ആശ്വസിപ്പിക്കുകയും, ദുർബല രായ മനുഷ്യരെ ശക്തരാക്കുകയും ചെയ്യുന്നു.

KCBC യും തൃശ്ശൂർ അതിരൂപതയും മറ്റു പല ക്രൈസ്തവ സംഘടനകളും ഈ സിനിമക്കെതിരെ നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിലും സർക്കാരിന്റെ മൗനം ഇത്തരക്കാരെ വീണ്ടും പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുന്നത്? നിയമ പാലനത്തോടൊപ്പം മതവിശ്വാസത്തിന്റെ വികാരങ്ങളും വൃണപ്പെ ടാതെ നോക്കേണ്ടതും സർക്കാരിന്റെ കടമയാണെന്ന് സർക്കാരും മറക്കരുത്.

പാലസ്തീനിൽ ബോംബ് വീണാലും, ഉത്തരേന്ത്യയിൽ ദാരുണ സംഭവ മുണ്ടായാലും സടകുടഞ്ഞെണീക്കുന്ന പ്രബുദ്ധർ 'ഹാഗിയ സോഫിയാ യെയും' ലൗജിഹാദിനെയും, ചാർളി ഹെബ്ഡോയെയും പോലെ ഈ പേരിടലിലും മൗനം ഭജിക്കുന്നത് വെടിയണം.

മലയാള സിനിമ പണത്തിന്റെ വഴിയിലൂടെ സഞ്ചരിച്ചു തുടങ്ങിയപ്പോൾ മുതൽ പേരില്ലെങ്കിലും ക്രിസ്ത്യാനിയെ ഒന്നു തോണ്ടിയില്ലെങ്കിൽ, പണം മുടക്കുന്നവർക്ക് രസിക്കാതെയായി. എത്ര നദികളിൽ കഴുകിയാലും രക്ത ക്കറ പോകാത്ത ആരുടെയെങ്കിലുംകരങ്ങൾ വെളിപ്പിച്ചെടുക്കുവാൻ, ഇത്ര കാലം ഹറാമാക്കി വച്ചിരുന്ന സിനിമയ്ക്ക് കഴിയുമെങ്കിൽ അതിനു സ്വന്തം മതഗ്രന്ഥത്തിൽ നിന്ന് പറയാൻ കൊള്ളുന്ന കഥകളെയും കഥാ നായക ന്മാരെയും കണ്ടെത്തുകയല്ലേ വേണ്ടത്? അത് ലോകത്തിന് നല്ല മാതൃക യാവുമെങ്കിൽ അത് കഴിഞ്ഞിട്ട് പോരേ മറ്റുള്ളവരുടെ നേരെ തിരിയാൻ.

കഥയുടെ പേരിൽ, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരു സമൂഹ ത്തിന്റെ വികാരവും വിശ്വാസവുമാകുന്ന വിശുദ്ധ സംജ്ഞകളുടെയും വിശുദ്ധ സങ്കല്പങ്ങളുടെയും മേൽ അതിനിന്ദ്യമായ കടന്നാക്രമണം നട ത്തുന്ന കലാകാരന്മാരെന്ന് സ്വയം മേനി നടിക്കുന്നവരോട് ഞങ്ങൾക്ക് സ്നേഹപൂർവ്വം, ഓർമ്മിപ്പിക്കാൻ ഒന്നേയുള്ളൂ... അങ്ങനെയൊന്നും തളരുന്നതോ, തകരുന്നതോ അല്ല ക്രൈസ്തവ വിശ്വാസം. ക്രിസ്തു വിൻമേലാണ് ഞങ്ങൾ പണിയപ്പെട്ടിരിക്കുന്നത്... ഒത്തിരി വിശുദ്ധാത്മാക്ക ളുടെയും രക്തസാക്ഷികളുടെയും ചുടുനിണം ഇന്നും ഞങ്ങൾക്ക് ശക്തിയും ഊർജ്ജവും നൽകുന്നു.

ആമ്മേൻ

റോമിയോ അലോഷ്യസ്



ഫാ. തോമസ് കാവുങ്കൽ
വികാരി

## ഇടയമൊഴി

# ആനന്ദാമൃതമായ വചനത്തെ പ്രഘോഷിക്കുക ഇല്ലെങ്കിൽ ദുരിതം മത്താ 10:1–15

വീണ്ടുമൊരു മിഷ്യൻ ഞായർ ആചരണത്തിലേക്ക്  നാം ഒരുങ്ങുമ്പോൾ സുവിശേഷം പ്രസംഗിക്കുക എന്ന് ക്രിസ്തു നൽകിയ കല്പന എത്രമാത്രം താൽപര്യത്തോടെ നാം കാണുന്നുണ്ട്, പ്രവർത്തിക്കുന്നുണ്ട് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ അന്ത്യ കല്പന നിങ്ങൾ ലോകമെങ്ങുപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (Mk 16:15) ആദിമ സഭ ആത്മാർത്ഥമായി അനുഷ്ഠിച്ചതിന്റെ പുണ്യമാണ് ഇന്നു നാം കാണുന്ന തിരുസ്സഭ. പ്രസംഗിച്ച സുവിശേഷം ജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തിയിരുന്നു. എന്നാൽ ലോകത്തെ തന്റെ അധീനതയിൽ നിലനിർത്താൻ ആഗ്രഹിക്കുന്ന ദുഷ്ടാരൂപി സുവിശേഷ പ്രഘോഷണത്തെ എക്കാലവും എതിർത്തിരിക്കുന്നു. ഇതിനുവേണ്ടി രാജാക്കന്മാരെയും, പ്രത്യയശാസ്ത്രങ്ങളെയും, സാമൂഹ്യമാധ്യമങ്ങളെയും, വിവിധമതവിഭാഗങ്ങളെയും സാത്താൻ കാലകാലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. റോമൻ മതമർദ്ധനം, യഹൂദമതമർദ്ദനം, കമ്മ്യൂണിസ്റ്റ് മതമർദ്ദനവും ഇതിന്റെ ഉദാഹരണങ്ങളാണ്. ഭാരതത്തിലും എതിർപ്പിന്റെ സ്വരം നാൾക്കുനാൾ കഠിനമാകുന്നു. “ഇതാ, എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു” (ജറേ 1:9) ഈ വചനത്തെ നാം പ്രഘോഷിക്കണം ജീവിതത്തിലൂടെ.

**എന്താണ് സുവിശേഷ പ്രഘോഷണം**

ദൈവം തന്റെ ഏകജാതന്റെ കുരിശിലെ ബലിയിലൂടെ മനുഷ്യകുലത്തെ രക്ഷിച്ചു എന്ന സദ്വാർത്തയാണ് സുവിശേഷ പ്രഘോഷണം. ഈ സത്യത്തെ ലോകത്തെ അറിയിക്കുക. ഇത് ഒരു മതത്തിനും ജാതിക്കും എതിരല്ല, സത്യം അറിയിക്കുകയാണ്.

**സുവിശേഷ പ്രഘോഷണത്തിന്റെ പഞ്ചശീലങ്ങൾ**

ഈ പ്രഘോഷണം ഏതാനും പ്രേഷിതരുടെ ദൗത്യം മാത്രമല്ല നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വവും ഈശോയുടെ അന്ത്യ കല്പനയുമാണ്.

1. ഓരോ വ്യക്തിയും, കുടുംബവും സമൂഹവും വചനമനുസരിച്ച് ജീവിതം നയിക്കുക. ഉദാ: കൂട്ടുകാർ എല്ലാവരും ചേർന്ന് മദ്യപിക്കുമ്പോൾ ഞാൻ ക്രിസ്ത്യാനിയാണ് അത് കൊണ്ട് മദ്യപിക്കില്ല എന്ന് പറഞ്ഞാൽ അത് സുവിശേഷ പ്രഘോഷണമാണ്.

2. നമ്മുടെ ജീവിത സാഹചര്യങ്ങളിൽ മറ്റുള്ളവരോട് ഈശോയെ പറയണം. വചനം ഉപയോഗിച്ച് സഹപ്രവർത്തകർ, സുഹൃത്തുക്കൾ എന്നിവരോട് സംസാരിക്കുക. എതിർപ്പുകളെ നേരിടുവാനുള്ള കൃപ ദൈവം തരും.

3. മക്കളെ പ്രേഷിത ചൈതന്യത്തിൽ വളർത്തുക, ധീര പ്രേഷിതരുടെ ജീവിതചരിത്രം വായിക്കുക, മിഷനറിമാർക്കുവേണ്ടിയും, സുവിശേഷത്തിന്റെ വിജയത്തിനുവേണ്ടിയും, ത്യാഗമനുഷ്ഠിച്ച് പ്രവർത്തിക്കുക, മിഷൻ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുക.

4. മിഷനറിമാരെ സഹായിക്കാനും മിഷൻ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാനുമായി ദശാംശം നൽകുക. എല്ലാ ചെലവും കഴിഞ്ഞ് മിച്ചം വന്നാൽ കൊടുക്കേണ്ട ഒന്നല്ല മിഷ്യൻ സഹായം. ക്രിസ്ത്യാനി എന്ന നിലയിൽ നമ്മുടെ പ്രേഷിത ദൗത്യമാണ്.

5. സഭയോട് ചേർന്നു നിൽക്കുക...സഭയെയാണ് ക്രിസ്തു പ്രേഷിത ദൗത്യം ഏൽപിച്ചിരിക്കുന്നത്. കുടുംബ കൂട്ടായ്മ, സംഘടനപ്രവർത്തനങ്ങൾ, അനുദിന വി.കുർബ്ബാന, സഭാനിയമങ്ങളോടും അധികാരികളോടുയുള്ള വിധേയത്വം എന്നിവ സഭയോട് ചേർന്ന് നിൽക്കുക എന്നതിൽ ഉൾപ്പെടുന്നു. ഇപ്പോൾ ഉണ്ടാകുന്ന ഭിന്നതയും അസ്വസ്ഥതകളും പ്രേഷിതചൈതന്യത്തിനു വിപരീതസാക്ഷ്യമാണ്. ഏവർക്കും ചൈതന്യമുള്ള ഒരു മിഷൻ ഞായർ നേരുന്നു.



**Fr. Jeevan Poruthur CMI**
Asst. Vicar

# Least –Lost – Last

These words are so familiar to us. Very often, we make a face-to-face encounter with these words in our day-to-day life. In a normal way, these words, we frequently use to connect with the people those who have faced failures in their life. For some, these words are a sign of sadness and disappointment. But for some, these words give a new impetus to move forward. Failure always gives pain, but at the same time, it also makes an invitation to be creative and to spread the positive vibes in life. No one escapes from failure because it is part of our life. But, it is very important that how we could face these situations in our daily life.

There is an old Zen story; Once a smallest wave in the ocean shared his pain to larger waves saying, ‘you are so blissful and blessed in your life because you always have the big waves in your life and many people admire you by seeing your presence and they become very happy’. But in my life even the little children are not happy with my presence’. By understanding the attitude of the small wave, the large wave replied, ‘there is nothing special in me but it’s the presence of the water and wind. We are all the same. You will also get a chance to shine and to flow like me’. ~~In~~ For so many reasons, we usually neglect the small things in our life. We will also tend to avoid the people whom we do not like. Normally, we never consider and listen to the people those who are so called “least - lost- last”. Because we are so busy and we are not bothered about our neighbour.

But Jesus's view was entirely different from ours. He was always with the people who were marginalized and poor. He also tried to uphold the poor and his friends were tax collectors and sinners. His disciples were fishermen. He appointed St. Peter to build up his church, who refused Him thrice. He has chosen St. Peter who was a Christian persecutor, to spread His Words. He used insignificant little things in His preaching and parables to say about His Heavenly Kingdom. He was always with the needs of this so called "least-lost-last". In His earthly life He saw the pain and suffering of the people with an Extra Eye, He heard the sorrows of the people with an Extra Ear and touched the heart of the people with an Extra Heart. So dear ones, we are Christians called to imitate Jesus in a radical way. Let's also extend our hands to respect the poor and needy, let's extend our hearts to touch them, let's extend our eyes to feel their pains and let's extend our ears to hear ~~them~~ the so called "least-lost and last".

## ഇടവക വാർത്തകൾ

**എത്രയും ദയയുള്ള മാതാവേ**

ഒക്ടോബർ മാസം ജപമാല മാസമാണല്ലോ. പരിശുദ്ധ അമ്മയോട് ഈ കാലഘട്ടത്തിൽ ജപമാലചൊല്ലി ശക്തമായി പ്രാർത്ഥിക്കാം. ഓരോ വ്യക്തിയും ഓരോ കുടുംബവും എല്ലാദിവസവും മൂന്ന് ജപമാലചൊല്ലി പ്രാർത്ഥിക്കുമല്ലോ. കോവിഡ്-19, നിപ്പ, ഡങ്കു എന്നീ വൈറസുകളെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം വഴി നമ്മുക്ക് തോല്പിക്കാം. ഇടവകയിൽ 10 ദിവസത്തെ ജപമാല കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്.

**CML ദിനവും+ നാമഹേതുക തിരുന്നാളും**

ഒക്ടോബർ 1-ാം തിയ്യതി വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആണല്ലോ അന്നെ ദിവസം CML സംഘടനാദിനവും കൂടിയാണല്ലോ. CML ആനിമേറ്റർമാരും കുട്ടികളും കുമ്പസാരിച്ച് ഒരുങ്ങുക. അന്നെ ദിവസം നാമഹേതുക തിരുനാൾ ആചരിക്കുന്ന വിശ്വാസപരിശീലന പ്രധാന അദ്ധ്യാപിക റവ. സി. തെരേസ് ജോൺ FCC യ്ക്ക തിരുനാൾ മംഗളങ്ങളും പ്രാർത്ഥന ആശംസകളും നേരുന്നു. CML സംഘടനയിലെ കുട്ടികളെ മിഷ്യൻ ചൈതന്യത്തിൽ നമുക്ക് വളർത്താം ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**സുവിശേഷം ജീവിക്കുക**

ഒക്ടോബർ 17-ാം തിയ്യതി മിഷ്യൻ ഞായറായി ആചരിക്കുകയാണല്ലോ സുവിശേഷം പ്രഘോഷിക്കുക നമ്മുടെ ഏവരുടെയും കടമയാണ്. അതുപോലെ തന്നെയാണ് സുവിശേഷം ജീവിക്കുക, സുവിശേഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക. ഇത്തരുണത്തിൽ വളരെ തീക്ഷണതയോടെ മിഷ്യൻ ഞായർ നമ്മുക്ക് ആചരിക്കാം. മിഷനറിമാർക്ക് വേണ്ടി പ്രാർത്ഥിക്കാം. ലേലം ചെയ്തും ബൈബിൾ വിതരണം ചെയ്തും നമുക്ക് മിഷൻ പ്രവർത്തനങ്ങളിൽ പങ്കുകാരാകാം. ഏവർക്കും മിഷ്യൻ ഞായറിന്റെ മംഗളങ്ങൾ.

**ഒക്ടോബർ 4 വി. ഫ്രാൻസ്സിസ് അസ്സീസ്സി - മാർപ്പാപ്പയെ അനുസ്മരിക്കാം**

ഒക്ടോബർ 4-ാം തിയ്യതി വി.ഫ്രാൻസ്സിസ് അസ്സീസ്സിയുടെ തിരുനാൾ ആണല്ലോ. അന്നേ ദിവസം നാമഹേതുക തിരുനാൾ ആചരിക്കുന്ന ഫ്രാൻസ്സിസ് മാർപാപ്പയ്ക്കും, നമ്മുടെ കോൺവെന്റിലുള്ള എല്ലാ സിസ്റ്റേഴ്സിനും, ഫ്രാൻസ്സിസ് നാമധാരികളായിരിക്കുന്ന എല്ലാവർക്കും

വേണ്ടി പ്രാർത്ഥിക്കാം. ഏവർക്കും തിരുനാൾ മംഗളങ്ങൾ...

**<u>സേവനത്തിനു നന്ദിയും പുതിയ കൈക്കാരന്മാരും</u>**

നമ്മുടെ ഇടവകയിൽ രണ്ട് വർഷക്കാലം സ്ത്യുർഹമായ രീതിയിൽ കൈക്കാരന്മാരായി സേവനം ചെയ്ത ശ്രീ.ബെന്നി തോമസ് തത്രത്തിൽ പൊൻമാണി, ശ്രീ.തോമസ് പ്രഭു മേനാച്ചേരി എന്നിവർക്ക് ഇടവക പ്രതിനിധിയോഗം നന്ദി രേഖപ്പെടുത്തി. കൊറോണക്കാലത്ത് വളരെ ഭംഗിയായി ദേവാലയത്തിന്റെ പ്രവർത്തനങ്ങൾ നേതൃത്വം നൽകിയ കൈക്കാരന്മാർക്ക് പ്രത്യേകം നന്ദി. സർവ്വശക്തനായ ദൈവം നിങ്ങളെയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ. ഇടവകയുടെ പുതിയ കൈക്കാരന്മാരായി നിയമിതരായിരിക്കുന്ന ശ്രീ.ഷാജു എടക്കളത്തൂർ. ശ്രീ. ആന്റണി പൊറത്തൂർ പള്ളിക്കുന്നത്, ശ്രീ.ആന്റണി ചിറക്കൽ എന്നിവർക്ക് പ്രത്യേക നന്ദിയും പ്രാർത്ഥന ആശംസകളും.

**<u>ഇരിമ്പൻ പിതാവിന്റെ അനുസമരണവും ദേവാലയത്തിനു പുതിയ സ്ഥലവും</u>**

സെപ്റ്റംബർ 21-ാം തിയ്യതി മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ അനുസ്മരണദിനം ആചരിച്ചു. അന്നേ ദിവസം ദേവാലയത്തിന്റെ വലതുഭാഗത്ത് കുറച്ച് സ്ഥലം വാങ്ങിക്കുവാൻ ദൈവം അനുഗ്രഹിച്ചു. ഇതിനുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും കമ്മറ്റിക്കാരായി പ്രവർത്തിച്ച യേശുദാസ് വേലുള്ളി, പോൾസൺ ചെറുവത്തൂർ, ജോർജ്ജ് കൊല്ലം കുന്നേൽ, വർഗ്ഗീസ് ചിറയത്ത് അത്താനിക്കൽ, സുനിൽ കൈതാരത്ത്, ഫ്രാൻസ്സിസ് പാണേങ്ങാട്ട്, ഡേവിസ് പുലികൂടൻ എന്നിവർക്കും, കണക്കുകൾക്കും മറ്റ് സാങ്കേതിക സഹായം നൽകിയ ശ്രീ. വിൻസെന്റ് വെള്ളാനിക്കാരൻ, ശ്രീ.വിൻസെന്റ് എരിഞ്ചേരി, കൈക്കാരന്മാരായ ശ്രീ. ബെന്നി തോമാസ് തത്രത്തിൽ പൊൻമാണി, ശ്രീ.തോമസ് പ്രഭു മേനാച്ചേരി, ശ്രീ.ഷാജു എടക്കളത്തൂർ എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു. ഈ കാര്യം സാധ്യമാക്കുവാൻവേണ്ടി സാമ്പത്തികമായി സഹായിച്ചവർക്കും, കടം നൽകി പ്രതിസന്ധിഘട്ടത്തിൽ സഹായിച്ച വർക്കും, ഇനിയും സഹായങ്ങൾ നൽകാൻ പോകുന്നവർക്കും നന്ദിയും ദൈവാനുഗ്രഹങ്ങളും നേരുന്നു. സർവ്വശക്തനായ ദൈവത്തിനു ഒരായിരം നന്ദി രേഖപ്പെടുത്താം. സാമ്പത്തിക കടബാധ്യത തീർക്കാൻ തീക്ഷണമായി പ്രവർത്തിക്കാം.

**<u>യേശുവിന്റെ തിരുഹൃദയം - മാതാവിനു സമ്മാനം</u>**

വി. ഗ്രന്ഥം യേശുവിന്റെ തിരുഹൃദയമാണ് (CCC- 112) എന്ന് പഠിപ്പിക്കുന്നു. കൊറോണയുടെ രണ്ടാം ഘട്ട ലോക്ക് ഡൗൺ കാലത്ത് കൊറോണ എന്ന

മഹാമാരിയിൽ നിന്ന് രക്ഷനേടാൻ ഇടവകമാതൃവേദിയുടെ നേതൃത്വ ത്തിൽ സമ്പൂർണ്ണ ബൈബിൾ എഴുതുവാൻ ആരംഭിച്ചു. അമ്മമാരും ബഹു. സിസ്റ്റേഴ്സ്, യുവജനങ്ങൾ, പിതൃവേദി, വിശ്വാസപരിശീലന കുട്ടികളും ചേർന്ന് ഏകദേശം 369 പേർ വി. ഗ്രന്ഥം എഴുതി പൂർത്തിയാക്കി. സെപ്റ്റംബർ 8 ന് പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിച്ച്, ദേവാലയത്തിൽ അലങ്കരിച്ച പീഠത്തിൽ വച്ചു. ഇതിന്റെ എഡിറ്റോറിയൽ ബോർഡായി പ്രവർത്തിച്ച മാതൃവേദി ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു. ബൈന്റിംഗ് വർക്ക് നടത്തിയ ശ്രീ. മാർട്ടിൻ പൂവത്തിങ്കലിന് നന്ദി. ഇതിലൂടെ എല്ലാവർക്കും ബൈബിളിനോട് പ്രത്യേക സ്നേഹവും, വ്യക്തിപരമായി സന്തോഷവും ഉണ്ടായി. ഇടവക കൂട്ടായ്മയുടെ ഒരു അടയാളവുമാണ് വി. ഗ്രന്ഥം.

PTA Meeting

22.08.2021 വിശ്വാസപരിശീലന അദ്ധ്യാപകരുടെയും മാതാപിതാക്കളു ടെയും സംയുക്ത മീറ്റിംഗ് online ആയി നടത്തപ്പെട്ടു. ഈ കോവിഡ് കാലത്ത് വിശ്വാസപരിശീലനത്തിന് മാതാപിതാക്കൾ തരുന്ന സഹകരണത്തിന് നന്ദി പറഞ്ഞു. 9,10,11,12 ക്ലാസ്സുകൾ പള്ളിയിൽ വച്ച് നേരിട്ട് നടത്തുവാൻ തീരുമാനിച്ചു. കുട്ടികളെ ഇടദിവസങ്ങളിൽ വി. ബലിയിൽ പങ്കെടുപ്പിക്കാനും കുമ്പസാരിക്കാൻ പ്രേരിപ്പിക്കാനും, അൾത്താരസംഘം, CML സംഘടനകളെ ശക്തിപ്പെടുത്തുവാനും യോഗ ത്തിൽ ആവശ്യപ്പെട്ടു. സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ മാസത്തിൽ കുട്ടികളുടെ Programme On-line ആയി നടത്താൻ തീരുമാനമായി. 100-ലധികം മാതാപിതാക്കളും ഈ മീറ്റിംങ്ങിൽ സംബന്ധിച്ചു.

## ദീപിക പത്രവും പ്രസിദ്ധീകരണങ്ങളും

ദീപിക ദിനപത്രവും അനുബന്ധ പ്രസിദ്ധീകരണങ്ങളും ഇടവകയിൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ഇതിന്റെ പ്രചരണം നടത്തപ്പെട്ടു. നമ്മുടെ ഇടവകയിൽ 60 പത്രം ഇപ്പോൾ വിതരണം ചെയ്യപ്പെടുന്നുണ്ട്, ഇത് 150 പത്രമാക്കി ഉയർത്തണം. ഇതു പോലെ വിശ്വാസപരിശീലന കുട്ടികൾ 'Deepkia Dighest' വരിക്കാർ ആവു കയും, മാതൃവേദിയുടെ നേതൃത്വത്തിൽ **'സ്ത്രീധനം'** ഭവനങ്ങളിൽ വരു ത്തുകയും ചെയ്യേണ്ടത്തിനെക്കുറിച്ച് പിതൃവേദി, മാതൃവേദി, പ്രതിനിധി യോഗം, കുടുംബസമ്മേളനങ്ങൾ, Catechism, PTA എന്നീ മീറ്റിംങ്ങുകളിൽ ചർച്ച നടത്തി. അഭിവന്ദ്യപിതാവിന്റെ നേതൃത്വത്തിൽ കുടുംബസമ്മേളന യൂണിറ്റ് ഭാരവാഹികളുമായി ചർച്ച നടന്നു. ഇതിന്റെ പ്രവർത്തനം ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി 5 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു. Mr. George E.R, Mr. James M.A, Mr. Paul, C. Mathew, Mrs. Baby Davis,

Mrs. Lisy Joseph, ഇവരുടെ കൂടെ ഇടവകയിലെ 12 കുടുംബയൂണിറ്റിലെയും ഭാരവാഹികൾ, സംഘടനഭാരവാഹികൾ Executive അംഗങ്ങൾ, DFC (Deepika Friends club) ആയി പ്രവൃത്തിക്കുന്നതാണ്. ഇടവകയിലെ എല്ലാ കുടുംബങ്ങളെയും ദീപിക വരിക്കാരാക്കി മാറ്റാം.

**Alter Boys meeting**

13/8/2021 Alter Boys meeting നടത്തപ്പെട്ടു. അനുദിന വി. കുർബാനയിൽ മുടങ്ങാതെ പങ്കെടുക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തി. എല്ലാ ആഴ്ചയിലും മൂന്ന് ദിവസം വി. കുർബാനയിൽ മുടങ്ങാതെ വരുന്നവർക്ക് മാസ അവസാനം സമ്മാനം നൽകുന്നതാണ്. ദേവാലയം പൂർണ്ണമായി തുറന്നാൽ ഞായറാഴ്ച ഉൾപ്പെടെ 5 ദിവസം മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്താലാണ് സമ്മാനത്തിന് അർഹരാവുകയുള്ളൂ.

**അദ്ധ്യാപക ദിനം**

സെപ്റ്റംബർ 5-ാം തിയ്യതി അദ്ധ്യാപക ദിനം ആചരിച്ചു. വിശ്വാസപരിശീലകർ, സ്കൂൾ, കോളേജ് ടീച്ചേഴ്സ് എന്നിവരെ സമ്മാനങ്ങൾ നൽകി ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**പ്രതിനിധിയോഗം 13/09/2021**

13/09/2021 ന് പ്രതിനിധിയോഗം നടത്തി പള്ളിയുടെ വാർഷിക കണക്ക് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് 31 വരെയുള്ളത് അവതരിപ്പിച്ചു. സ്ഥലം വാങ്ങലിന്റെ വരവ് ചിലവുകൾ, കൂടാതെ 2021 ഏപ്രിൽ മുതൽ 2021 ഓഗസ്റ്റ് വരെയും പള്ളിയുടെ അനുദിനവരവ് ചിലവുകൾ, Construction account എന്നിവ വായിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. Account ഭംഗിയായി Audit ചെയ്ത John Mathew സാറിനും Account എഴുതിയ Mr. Saji Issac Thattil, Mr. Saji Jacob Kanikkattil, Mr. Prabin Francis Chalakkal, എന്നിവർക്കും, Internal Auditors Mr. Sijo Jose Chittattukarakaran, Mr. Paul C Mathew എന്നിവർക്കും നന്ദി രേഖപ്പെടുത്തി.

**സാന്ത്വനം**

ഇടവകയുടെ കാരുണ്യപ്രവർത്തനവേദിയായ സാന്ത്വനത്തിന്റെ കണക്കുകൾ യോഗത്തിൽ വായിച്ചു. 2013 മുതൽ കമ്മറ്റി കൺവീനാറായി പ്രവർത്തിച്ച, Mr. Lawerence Thomas Vazhappilly ക്ക് യോഗത്തിൽ നന്ദി പറഞ്ഞു. പുതിയ പ്രസിഡന്റ് ആയി Mr. John Paul Thaikkattil നെ തെരഞ്ഞെടുത്തു. Vice presedent Mr. Davis Porathur Pallikunnath, Secratory Mr. James Pulikottil, Joint Secretary Mr. Johnson Regi Paruthivilath, Treasur Mr. James Vadakethottil

## മാതൃദിനവും കാരുണ്യ പ്രവൃത്തിയും

ഈവർഷത്തെ മാതൃദിനത്തിന്റെ ഭാഗമായി സെപ്തംബർ 1 മുതൽ 8-ാം തിയ്യതിവരെ അഖണ്ഡജപമാലയും, വി.കുർബ്ബാനയും, നേർച്ച വിതരണവും ഉണ്ടായിരുന്നു. മാതൃദിനമായ 8-ാം തിയ്യതി അമ്മമാരുടെ കാഴ്ച സമർപ്പണവും, വി.കുർബ്ബാനയും ഉണ്ടായിരുന്നു. വിധവകളും, പാവപ്പെട്ടവരുമായവർക്ക് Post Covid Kit-കൾ നൽകുകയും ചെയ്തു. 8 ദിവസവും മാതാവിനെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ നടത്തപ്പെട്ടു. ഇതിന് നേതൃത്വം കൊടുത്ത മാതൃവേദി ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ, സ്പോൺസർമാർ, കിറ്റ് സ്വീകരിക്കുന്ന കുടുംബങ്ങൾ എന്നിവർക്ക് നന്ദിയും പരിശുദ്ധ അമ്മയുടെ അനുഗ്രഹവും നേരുന്നു.

## Mathervedi Competition

### Psalms Writing

| Ist Prize | II nd Prize | IIIrd Prize |
|---|---|---|
| Mrs. Nirmala Vincent | Mrs. Starie Lawrence | Mrs. Reena Vincent |
| Mrs. Omana Mathew | Mrs. Rinu Manish | Mrs. Adline Sunil |

| Pencil Drawing | St Joseph quiz |
|---|---|
| **Ist Prize** | **Ist Prize** |
| Mrs. Adline Sunil | Mrs. Baby Davis & Mrs. Nirmala Joseph |

**പ്രോത്സാഹനം:** Mrs. Beena Mathew

8-ാം തിയ്യതി സമ്മാനദാനം നടത്തപ്പെട്ടു. ഏവർക്കും അഭിനന്ദനങ്ങൾ.

### Lourde Voice Compitetion Bible Reading

| 1. Bible Reading | 2. നമസ്കാരം ചൊല്ലി കേൾപ്പിക്കൽ |
|---|---|
| Davis P.R. & Family | Davis P.R. & Family |
| Johny K.L. & Family | |

## യുവജന വാർത്ത

ഈ വർഷത്തിൽ യുവജനദിനത്തിന്റെ ഭാഗമായി "കോവിഡും യുവജന ആദ്ധ്യാത്മികതയും" എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ നടത്തി. 78 യുവജനങ്ങൾ ഈ സെമിനാറിൽ പങ്കെടുത്തു തുടർന്ന് യുവജനങ്ങൾക്ക് പ്രത്യേകം ആരാധനയും നടത്തി. റവ. ഫാ.ആന്റണി മേച്ചേരിപടി സെമിനാർ നയിച്ചു. അനുദിന വി.കുർബ്ബാന, കുമ്പസാരം

എന്നിവയിൽ യുവജനം പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തി. ഇതിന് നേതൃത്വം കൊടുത്ത SMYM ഭാരവാഹികൾക്കും, ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി പറയുന്നു.

## ELYSIA Competition For Youth Day

**Pencil Drawing**

| 1st Prize | 2nd Prize | 3rd Prize |
|---|---|---|
| Mary Nisha | Jeena | Sharon Xavier |
| | Anjusha | Jeena Hellan |

**Classical Dance**

| 1st Prize | പ്രോത്സാഹനം |
|---|---|
| Meril Johnson | Mary Nisha |

പങ്കെടുത്തവർക്കും സമ്മാനാർഹർക്കും അഭിനന്ദനവും നന്ദിയും.

# Ettu Nombu Achranam 2021

| No. | Name | Income | Expense |
|---|---|---|---|
| 1. | Holy Mass, Novena, Flower and Nercha Rs. 750*29 | 21250.00 | |
| 2. | Nercha | 750.00 | 6700.00 (7days) |
| 3. | Holy Mass and Novena Rs. 200*29 | | 5800.00 |
| 4. | Flower | | 5000.00 |
| 5. | Food, Bred, Curry | | 4200.00 |
| 6. | Total | 22000.00 | 21700.00 |
| 7. | Balance | | 300.00 |
| 8. | Grand Total | **22000.00** | **22000.00** |
| 9. | Balance to land fund Rs. 300 | | |

# പത്ത് ദിവസത്തെ ജപമാല

| Date | Day | Programe | Unit |
|---|---|---|---|
| 04.10.2021 | തിങ്കൾ | വൈകീട്ട് 5.40 കരുണകൊന്ത വി. കുർബാന, ദിവ്യകാരുണ്യ ജപമാല, നേർച്ച | St.Mary's<br>St.Thomas |
| 5.10.2021 | ചൊവ്വ | ,, | St. Paul |
| 6.10.2021 | ബുധൻ | ,, | St. John Maria Vianni |
| 7.10.2021 | വ്യാഴം | ,, | St. Sebastian |
| 11.10.2021 | തിങ്കൾ | ,, | St. George |
| 12.10.2021 | ചൊവ്വ | ,, | St.Antony |
| 13.10.2021 | ബുധൻ | ,, | St.Joseph |
| 14.10.2021 | വ്യാഴം | ,, | St. Vincent de paul |
| 18.10.2021 | തിങ്കൾ | ,, | St. Alphonsa |
| 19.10.2021 | ചൊവ്വ | ,, | St. Peter<br>St. Francis Xavier |

ദേവാലയം അടിച്ചുവാരുക, മാതാവിനെ അലങ്കരിക്കുക, Flower Setting (രണ്ട് Flower Vase മാത്രം), കാഴ്ചസമർപ്പണം, കരുണകൊന്ത, വി.കുർബ്ബാന, ലേഖനവായന, ദിവ്യകാരുണ്യജപമാല എന്നിവയ്ക്ക് നേതൃത്വം നൽകേണ്ടത് യൂണിറ്റുകളാണ്. യൂണിറ്റിലെ എല്ലാ കുടുംബങ്ങളെയും പങ്കെടുപ്പിക്കുക എന്നത് യൂണിറ്റ് ഭാരവാഹികൾ ചെയ്യേണ്ടതാണ്. നേർച്ച കൊടുക്കുവാൻ താല്പര്യമുണ്ടെങ്കിൽ ചെയ്യുക.

വളരെ ലളിതമായിക്കണം ഈ വർഷത്തെ ജപമാല. മുടങ്ങാതെ വരുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ബഹു സിസ്റ്റേഴ്സിന്റെയോ, ഗായകസംഘത്തിന്റെയോ, സഹായം തേടാതെ യൂണിറ്റുകാർ തന്നെ എല്ലാ കാര്യത്തിനും നേതൃത്വം കൊടുക്കുക.

<u>സമുദ്രതാരം</u>

വിശ്വാസ പരിശീലനവേദി സെപ്റ്റംബർ മാസത്തിൽ 1 മുതൽ 8 വരെ മാതാവിനെക്കുറിച്ച് On-line ൽ നടത്തിയ Programme-ആണ് "സമുദ്രതാരം" ഇതിന് നേതൃത്വം വഹിച്ചത് 10,11,12 ക്ലാസ്സുകളിലെ കുട്ടികളും ടീച്ചേഴ്സും മാതാപിതാക്കളുമാണ്. പ്രാർത്ഥന, നൃത്തം, സന്ദേശം എന്നിവയിലൂടെ പരിശുദ്ധ അമ്മയെ മഹത്ത്വപ്പെടുത്തുവാൻ ഈ പ്രോഗ്രാമിന് സാധിച്ചു. ഇതിനുവേണ്ടി സാങ്കേതിക സഹായം നൽകിയ Mr. Robin Johny ക്കും മറ്റ് വിശ്വാസപരിശീലകർക്കും, കുട്ടികൾക്കും, മാതാപിതാക്കൾക്കും പ്രത്യേകം നന്ദി പറയുന്നു.

**നിത്യപുരോഹിത ഈശോയെ**

ഇടവകയിലെ Angels Choir രൂപതതലത്തിൽ നടത്തപ്പെട്ട സംഘഗാനമത്സരത്തിൽ വളരെ ഒരുങ്ങി പങ്കെടുത്തു. ഇതിനുവേണ്ടി ആഴ്ചകളായി അദ്ധ്വാനിച്ച ഗായകസംഘത്തിനും ഇതിന് വിവിധ സഹായം നൽകിയവർക്കും ഭാരവാഹികൾക്കും വളരെയേറെ അഭിനന്ദനങ്ങൾ.

**<u>Catechism Department (രൂപതതലത്തിൽ സമ്മാനാർഹരായവർ)</u>**

**Manuscript Magazine - 3rd Prize**

**Card Making**
Delvin 2nd Prize

Marian Song
Smitha 2nd Prize

**പ്രസംഗം – വി. യൗസേപ്പ്**
Category 2 - Jovia John Paul 1st Prize
Category 4 - Ancitta 3rd Prize

**<u>CML Quiz</u>**

Tinu Antony 1st Prize

Smitha Maria Thomas 2nd Prize

സമ്മാനർഹരായ ഏവർക്കും അഭിനന്ദനങ്ങൾ...

**<u>ക്രിസ്തുമസ്സ് – നോമ്പ്</u>**

നവംബർ 30–ാം തിയ്യതി പാതിര മുതൽ ആരംഭിക്കുന്ന ക്രിസ്തുമസ്സ് നോമ്പിൽ എല്ലാവരും പങ്കെടുത്ത് ഉണ്ണീയേശുവിന്റെ വരവിനായി ഒരുങ്ങാം. 25 ദിവസം നോമ്പെടുത്ത് അതിന്റെ ത്യാഗം ദേവാലയത്തിന്റെ കടബാധ്യതയിലേക്ക് ക്രിസ്തുമസ്സ് ദിവസം സമ്മാനമായി നമ്മുക്ക് കൊടുക്കാം. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

**<u>നാമഹേതുക തിരുനാൾ മംഗളങ്ങൾ</u>**

സെപ്റ്റംബർ 8–ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിച്ച മേരി റാണി കോൺവെന്റ് സുപീരിയർ റവ.സി.മേരി ആന്റോ FCC ക്കും റവ.സി. ഉഷറ്റ FCC ക്കും ഇടവകയുടെ തിരുനാൾ മംഗളങ്ങൾ നേരുന്നു പ്രാർത്ഥന ആശംസകൾ

**വിവാഹ ജീവിത്തിലേക്ക്**

1. സെന്റ് അൽഫോൻസ യൂണിറ്റ് തെക്കിനേത്ത് പൗലോസ്+ ആലീസ് മകൻ ടെറിപോൾ രാമനാഥപുരം ഹോളി ട്രിനിറ്റി കത്തീഡ്രൽ ഇടവക കൈതവളപ്പിൽ സെബാസ്റ്റ്യൻ + പൗളി മകൾ സിൽവിയ 30–08–2021 ൽ വിവാഹിതരായി.

2. സെന്റ് പോൾ യൂണിറ്റ് ഓലിപറമ്പിൽ സെബാസ്റ്റ്യൻ ഗോമസ് + ഷിജി മകൾ ജിൻസി ഇരിഞ്ഞാലക്കുട രൂപത മണിപറമ്പിൽ ലോനപ്പൻ+ ഓമന മകൻ നോബിൾ 22.08.2021 വിവാഹിതരായി.

3. സെന്റ് തോമസ് യൂണിറ്റ് വാഴപ്പിള്ളി ജോണി+ രാജി മകൾ സാൻജാ (Sancha) വിശ്വാസപുരം സെന്റ് ആന്റണീസ് ഇടവക പനക്കൽ സെബാസ്റ്റ്യൻ + ലിസി മകൻ തോമസ് 23/08/2021 വിവാഹിതരായി.


4. അൽഫോൻസ യൂണിറ്റ് മണവാളൻ സാനി + അന്ന മകൻ സോജോ, പൂമാർക്കറ്റ് സെന്റ് ജോസഫ് ഇടവക പാറക്കൽ മൈക്കിൾ രാജ് + മേരി മകൾ ആൻസി 26/09/ 2021 വിവാഹിതരായി.

**നിത്യതയിലേക്ക്**

കല്ലേപ്പുള്ളി സെന്റ് മേരീസ് ഇടവക പൂവത്തിനാൽ അന്നമ്മ സ്ക്കറിയാ (31) വയസ്സ് 04/03/2021 കോയമ്പത്തൂരിൽവച്ച് നിത്യ സമ്മാനത്തിന് അർഹയായി. സെന്റ് അൽഫോൻസയൂണിറ്റ് Martin Poovathinal ന്റെ അമ്മയാണ് പരേതയുടെ ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കാം.

നമസ്ക്കാരം ചൊല്ലി കേൾപ്പിക്കാൻ

സെന്റ് തോമസ് യൂണിറ്റ് ചുങ്കത്ത് ജോസഫ് ഫ്രാൻസിസ്സിന്റെ ഭാര്യ ആനി (77) ആത്മത്തിനുവേണ്ട കുദാശകൾ സ്വീകരിച്ചു 20.9. 2021 കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതയുടെ ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കാം.



# 12.9.21. പ്രതിനിധിയോഗം റിപ്പോർട്ട്

ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടുകൂടി 12.9.21-ലെ പ്രതിനിധിയോഗം ആരംഭിച്ചു. വികാരിയച്ചൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. പൊതുയോഗ റിപ്പോർട്ട് കൈക്കാരൻ ശ്രീ. E.E.Shaju വായിക്കുകയും റിപ്പോർട്ട് പാസാക്കുകയും ചെയ്തു.

ഇടവക ദേവാലയത്തിന്റെ 2020 മുതൽ 2021 മാർച്ച് വരെയുള്ള വാർഷിക കണക്കുകളും, 2021 ഏപ്രിൽ മുതൽ ഓഗസ്റ്റ് 31 വരെയുള്ള കണക്കുകളും അക്കൗണ്ടന്റ് ശ്രീ.സജി ഐസക് വായിക്കുകയും, യോഗം പാസാക്കുകയും ചെയ്തു. അതിനുശേഷം കൺസ്ട്രക്ഷന്റെ 2020 മുതൽ 2021 മാർച്ച് വരെയുള്ള വാർഷിക കണക്കുകളും, 2021 ഏപ്രിൽ മുതൽ ഓഗസ്റ്റ് 31 വരെയുള്ള കണക്കുകളും ശ്രീ.പ്രബിൻ ഫ്രാൻസിസ് വായിക്കുകയും യോഗം ഐക്യകണ്ഠേന കണക്കുകൾ പാസാക്കുകയും ചെയ്തു.

Internal Auditor മാരായ ശ്രീ.പോൾ മാത്യു, ശ്രീ.സിജോ ജോസ് എന്നിവരെയും Accountant മാരായ Sri.Saji Issac, Sri.Prabin Francis, Sri.Saji Jacob എന്നിവരെയും വികാരിയച്ചൻ അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്തു.

സാന്ത്വനം കണക്ക് Sri. Lawrance Vazhapilly വായിക്കുകയും കണക്കുകൾ പാസാക്കുകയും ചെയ്തു. 'സാന്ത്വന'ത്തിന്റെ Convenor ആയിവർത്തിച്ചിരുന്ന Sri. Lawrance Vazhapilly വിരമിക്കുകയും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട Conv. Sri John Paul, Vice .Conv. Sri. P.A Davis, Secr. Sri. M.A James, Joint Sec. Sri.Reji Johnson, Treasure Sri.P.C James എന്നിവരെയും തിരഞ്ഞെടുത്തു.

പള്ളിയുടെ വഴിയോട് ചേർന്ന് കിടക്കുന്ന പുതുതായി വാങ്ങിയ സ്ഥലത്തിന്റെ കണക്കുകൾ ശ്രീ. Vicent Vellanikaran യോഗത്തിൽ വായിക്കുകയും ചെയ്തു. സ്ഥലം വാങ്ങുന്നതിനായി പ്രവർത്തിച്ച കമ്മറ്റി അംഗങ്ങളെയും, കൈക്കാരന്മാരെയും വികാരിയച്ചൻ പേരെടുത്ത് പറയുകയും നന്ദി പറയുകയും ചെയ്തു.

രണ്ടുവർഷത്തെ കൈക്കാരന്മാരുടെ സേവനത്തിനുശേഷം വിരമിക്കുന്ന ശ്രീ.Benny Thomas നെയും, Sri.Prabhu Thomas നെയും യോഗത്തിൽ വികാരിയച്ചൻ അഭിനന്ദിക്കുകയും അവരുടെ സുസ്ത്യർഹമായ സേവനത്തിന് ഇടവകയുടെ പേരിൽ നന്ദിപറയുകയും ചെയ്തു. പുതിയതായി

മൂന്ന് കൈക്കാരന്മാരെ യോഗത്തിൽ തിരഞ്ഞെടുത്തു. കൈക്കാരന്മാരായി Sri.Shaju Edakkalathur, Sri.P.K. Antony, Sri. C.G. Antony യെയും തിരഞ്ഞെടുത്തു.

Deepika നമ്മുടെ ഇടവകയിൽ അതിശക്തമായി വളരണമെന്നും വനിതകളെ കമ്മറ്റിയിൽ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും അച്ചൻ യോഗത്തിൽ അറിയിച്ചു. Deepika ഏകോപനസമിതി അംഗങ്ങളായി Sri.E.R. George, Mr. M.A James, Mr. Paul Mathew, Mr. Baby Davis, Mrs. Lissy Joseph എന്നിവരെയും തിരഞ്ഞെടുത്തു. കമ്മറ്റി അംഗങ്ങളെ കൂടാതെ 12 കുടുംബയൂണിറ്റ് കൺവീനർമാരെയും ഉൾപ്പെടുത്തണമെന്ന് യോഗത്തിൽ വികാരിയച്ചൻ നിർദ്ദേശിച്ചു. മാതൃവേദി അംഗങ്ങൾ നിർബന്ധമായും 'സ്ത്രീധനം' മാസിക വരികാരാകണമെന്ന് പറയുകയും ചെയ്തു.

Sunday Catechism 9 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ നേരിട്ട് നടത്തണമെന്ന് വികാരിയച്ചൻ അറിയിച്ചു. ലൂർദ്ദ് വോയ്സ് രണ്ടുവർഷത്തേയ്ക്കുള്ള തുകകൾ അടക്കാത്ത യൂണിറ്റുകളുടെ പേരുകൾ കൈക്കാരൻ ശ്രീ. Prabhu Thomas വായിച്ചു. ഒരുവർഷത്തേക്ക് തുക 60 രൂപയാണ്.

October മാസത്തിലെ ജപമാല വൈകീട്ടുള്ള കുർബ്ബാനയിൽ ആഘോഷമായി നടത്താമെന്ന് യോഗത്തിൽ തീരുമാനിച്ചു. November 2 ലെ കല്ലറ തിരുനാളിലെ സെമിത്തേരിയിലുള്ള കുർബ്ബാന അപ്പോഴത്തെ നിയമസാഹചര്യം അനുസരിച്ച് തീരുമാനിക്കാമെന്ന് അച്ചൻ അറിയിക്കുകയുണ്ടായി. ഇടവക വാങ്ങിയിട്ടുള്ള സ്ഥലത്തിന്റെ ആദ്യത്തെ ഭാഗം 2.5 സെന്റ് ഉം, രണ്ടാമത്തെ ഭാഗം 6 സെന്റും ആണ് ഉള്ളത്. വാങ്ങിയസ്ഥലം പരമാവധി ഉപയോഗിക്കണമെന്നും അതിനുചുറ്റും മതിലുവേണമെന്നും അതിലേക്ക് gate വേണമെന്നും വികാരിയച്ചൻ അഭിപ്രായപ്പെട്ടു.

ദൈവാലയത്തിന്റെ cleaning നടത്തേണ്ടത് യൂണിറ്റുകളാണെന്നും നവംബർ മാസം മുതൽ cleaning തുടങ്ങാമെന്നും തീരുമാനിച്ചു. നേരിട്ടുള്ള കുടുംബസമ്മേളനങ്ങൾ ആരംഭിക്കാമെന്നും കുടുംബയൂണിറ്റ് ഭാരവാഹികൾ അത് ക്രമീകരിക്കണമെന്നും യോഗത്തിൽ അറിയിച്ചു.

Christmas നോട് അനുബന്ധിച്ചുള്ള പുൽക്കൂട് നിർമ്മാണത്തിന് നറുക്കെടുപ്പിലൂടെ St. Francis Xaviour യൂണിറ്റിനെ തിരഞ്ഞെടുത്തു. രണ്ടുവർഷത്തോളം ഇടവകയ്ക്ക് വേണ്ടി സേവനം ചെയ്ത Sri. Benny Thomas, Sri.Prabhu Thomas എന്നിവർ ഇടവകജനത്തിന്റെ സഹായസഹകരണങ്ങൾക്ക് നന്ദി പറഞ്ഞു. തുർന്ന് പ്രാർത്ഥനയോടുകൂടി യോഗം അവസാനിക്കുകയും ചെയ്തു.

## സംഘടനാവാർത്തകൾ

**മാതൃവേദി**

**മാതാവിന്റെ പിറവി തിരുനാൾ**

സെപ്റ്റംബർ 1-ാം തിയ്യതി മുതൽ 8-ാം തിയ്യതി വരെ രാവിലെ 9.30 മുതൽ 11.15 വരെ അഖണ്ഡജപമാലയും, മാതാവിനെകുറിച്ച് പ്രഭാഷണവും അതിനുശേഷം വി. കുർബാനയും മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അഖണ്ഡജപമാലക്ക് നേതൃത്വം നൽകിയവരെയും സംബന്ധിച്ചവരെയും പരിശുദ്ധ അമ്മ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാതാവിനെക്കുറിച്ചുള്ള പ്രഭാഷണം നൽകിയവർ:**

1. ശ്രീമതി ബേബി ഡേവീസ്-മാതാവും വിശുദ്ധഗ്രന്ഥവും
2. ശ്രീമതി ലിസി റാഫേൽ-മാതാവും രണ്ടാം വത്തിക്കാൻ കൗൺസിലും
3. ശ്രീമതി റോസ്മോൾ പോൾസൻ- മാതാവ് സഹരക്ഷകയും മദ്ധ്യസ്ഥയും
4. ശ്രീമതി റീമ ജോൺപോൾ- മാതാവും, കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥവും
5. ശ്രീമതി റോസി ജോസഫ്- മാതാവിന്റെ ബാല്യകാലം.
6. ശ്രീമതി എൽസി ജോൺസൺ- മാതാവും ശിഷ്യരും
7. ശ്രീമതി ദീപ ബിജു- മാതാവും പ്രകാശത്തിന്റെ രഹസ്യവും

മാതാവിന്റെ പ്രഭാഷണം നടത്തിയ എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**സ്വാഗതം**

മാതൃവേദി സംഘടനയിലേക്ക് 2021 വർഷത്തിൽ ചേർന്നിരിക്കുന്ന എല്ലാ പുതിയ അംഗങ്ങൾക്കും മാതൃവേദിയിലേക്ക് ഹൃദ്യമായ സ്വാഗതം.

**പോസ്റ്റ്-കോവിഡ് കിറ്റ്**

മാതാവിന്റെ പിറവിതിരുനാളിനോടും മാതൃദിനത്തോടും അനുബന്ധിച്ച് ഇടവകയിലെ വിധവകൾക്കും, സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുമായി 50 പോസ്റ്റ്-കോവിഡ് കിറ്റുകൾ വിതരണം ചെയ്തു. ഇതി

ലേക്ക് ഉദാരമായി സംഭാവന നൽകിയ എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

**നാമഹേതുക തിരുനാൾ**

മാതൃവേദി ആനിമേറ്റർ റവ. സി. മേരി ആന്റോ FCC യുടെ നാമഹേതുക തിരുന്നാൾ സെപ്റ്റംബർ 8-ാം തിയ്യതി ആചരിച്ചു. ഭാരവാഹികൾ സിസ്റ്ററിന് ഉപഹാരം നൽകി. തുടർന്ന് എല്ലാ മേരി നാമധാരികളും ചേർന്ന് കേക്ക് മുറിക്കുകയും മേരി നാമധാരികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

**മാതൃദിനം**

സെപ്റ്റംബർ 8-ാം തിയ്യതി എട്ടുനോമ്പാചരണത്തിന്റെ സമാപനശുശ്രൂഷകളും മാതൃദിനവും സംയുക്തമായി ആഘോഷിച്ചു. രാവിലെ 9.30 മുതൽ അഖണ്ഡ ജപമാലയും 11.30 ന് വി.കുർബ്ബാനയും പിന്നീട് നേർച്ച ഭക്ഷണവും ഉണ്ടായിരുന്നു. വി.കുർബ്ബാനക്ക് മുമ്പ് മാതൃവേദി അംഗങ്ങളുടെ കാഴ്ചസമർപ്പണം ഉണ്ടായിരുന്നു. അന്തർദേശിയ തലത്തിൽ നടത്തപ്പെട്ട മത്സരങ്ങളിൽ നമ്മുടെ ഇടവകയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്കും ഇടവകതലത്തിൽ നടത്തപ്പെട്ട മത്സരത്തിൽ വിജയികളായവർക്കും ബഹു.തോമസ് കാവുങ്കൽ അച്ചനും, ബഹു.ജീവൻ പൊറുത്തൂർ CMI അച്ചനും സമ്മാനങ്ങൾ നൽകി ആദരിച്ചു. കോവിഡ് പശ്ചാത്തലത്തിൽ വളരെ ലളിതമായ രീതിയിൽ ആത്മീയ തലത്തിൽ ആണ് മാതൃദിനം ഇപ്രാവശ്യം ആഘോഷിച്ചത്.

## മത്സരങ്ങളും .... വിജയികളും

**Mave 2K21 ക്വിസ് മത്സരം**

| 1-ാം സമ്മാനം | പ്രോത്സാഹനസമ്മാനം |
|---|---|
| Mrs. Baby Davis | Mrs. Beena Mathew |
| Mrs. Nirmala Joseph | |

**Mave 2K21 സങ്കീർത്തനമത്സരം**

| 1-ാം സമ്മാനം | 2-ാം സമ്മാനം | 3-ാം സമ്മാനം |
|---|---|---|
| Mrs. Omana Mathew | Mrs. Rinu Manish | Mrs. Reena Vincent |

Mrs. Nirmala Joseph Mrs. Starie Lawrence Mrs. Adline Sunil

**Mave 2 K 21 ചിത്രരചനമത്സരം**

**1–ാം സമ്മാനം**

Mrs. Adline Sunil

മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും വിജയികളായവർക്കും അനുമോദനങ്ങളും ആശംസകളും അറിയിക്കുന്നു.

**<u>ബൈബിൾ പ്രകാശനം</u>**

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിൽ പരിശുദ്ധ അമ്മയ്ക്കു സമ്മാനമായി മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവക അംഗങ്ങൾ എഴുതിയ കൈയ്യെഴുത്തു സമ്പൂർണ്ണ ബൈബിൾ ബഹു. തോമസ് കാവുങ്കൽ അച്ചൻ 8–ാം തിയ്യതി വി.കുർബ്ബാനക്കുശേഷം പ്രകാശനം ചെയ്തു. ബഹു വൈദികരും, സിസ്റ്റേഴ്സും പിതൃവേദിയിൽ നിന്ന് 80 പേരും, മാതൃവേദിയിൽ നിന്ന് 219 പേരും, SMYM സംഘടനയിൽ നിന്ന് 59 പേരും ക്യാറ്റികിസം ഡിപ്പാർട്ട്മെന്റിൽ നിന്ന് 3 കുട്ടികളും ഈ സംരംഭത്തിൽ സഹകരിച്ചിരുന്നു.

ബൈബിൾ എഴുതാൻ സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ബഹു. വികാരിയച്ചനും, കൊച്ചച്ചനും, ആനിമേറ്റർ സിസ്റ്ററിനും, റോമിയോ അലോഷ്യസിനും, E.E ഷാജുവിനും, പ്രിന്റിംങ്ങ് ജോലികൾ നിർവഹിച്ച Mr. മാർട്ടിനും, Mr. പ്രിൻസിനും എല്ലാ ഭാരവാഹികൾക്കും നന്ദി... നന്ദി...

**<u>20021 ജപമാല</u>**

ഇടവകയിലെ എല്ലാ അമ്മമാരും സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ നിങ്ങൾക്കു സാധിക്കുന്ന ജപമാലകൾ ചൊല്ലി കാഴ്ചവയ്ക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

# SMYM

Elysia 2 K21 യുവജനങ്ങൾക്കായി August 3-ാം തിയ്യതി സംഘടിപ്പിച്ച സെമിനാറിൽ St. Joseph, Poomarket വികാരിയും, രൂപത മാതൃവേദി ഡയറക്ടറുമായ ഫാ. ആന്റണി മേച്ചേരിപ്പടിയച്ചൻ, Covid-19 & Spirituality of youth എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു. ചിന്തകളിലൂടെയും ചിരികളിലൂടെയും ഞങ്ങളെ ഉണർത്തിയ ആന്റണിയച്ചന് സ്നേഹം നിറഞ്ഞ നന്ദി.

യുവജനദിനത്തോടനുബന്ധിച്ച് Elysia 2 k21 നടത്തിയ വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവർ


**Pencil Drawing**

| | | |
|---|---|---|
| I st Prize | : | Mary Nisha |
| 2 nd Prize | : | Jeena, Anjusha. L |
| 3 rd Prize | : | Sharon Xaviour, & Jennat Hellan |

**Semi classical Dance**

| | | |
|---|---|---|
| I st Prize | : | Meril Johnson |
| 2 nd Prize | : | Mary, Nisha P.A |

ഏവർക്കും അഭിനന്ദനങ്ങൾ




# Elysia 2K21




Mary Nisha P.A



L. Anjusha



Jennat Hellan



Jeena



Sharon Xavier

# എയ്ഞ്ചൽ വിങ്ങ്സ് 40 ന്റെ നിറവിൽ



പൗലോസ് സി.ഒ

"കിന്നരം കൊണ്ട് കർത്താവിനെ സ്തുതിക്കുവിൻ പത്തു കമ്പിയുള്ള വീണമീട്ടി അവിടുത്തേക്ക് കീർത്തനമാലപിക്കുവിൻ" (സങ്കീർത്തനം 33:2)

ലോകമെമ്പാടുമുള്ള ക്രിസ്തീയ സഭകളുടെ ആരാധന/ ബലിയർപ്പണ ക്രമങ്ങളിൽ ഗാനശുശ്രൂഷക്കുള്ള അനുപേക്ഷണീയസ്ഥാനം തിരുസഭയുടെ ആരംഭകാലം മുതൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ക്രിസ്തുവിന് മുൻപും യഹൂദമതവിശ്വാസികൾ പരമപിതാവായ ദൈവത്തെ, തപ്പുകൾ കൊട്ടിയും, കിന്നരം മീട്ടിയും പാടി സ്തുതിച്ചിരുന്നതായി വിശുദ്ധഗ്രന്ഥത്തിൽ പഴയനിയമത്തിൽ പലപ്രാവശ്യം പ്രതിപാദിച്ചിട്ടുള്ളതായി കാണാം. സീറോ മലബാർ സഭയുടെ പാട്ടു കുർബ്ബാനക്രമത്തിനു ലഭിച്ച സാർവ്വത്രികമായ സ്വീകാര്യത ഇതിന്റെ തുടർച്ചയായി കണക്കാക്കാം.

ഇന്ന് കത്തോലിക്ക സഭക്ക് കീഴിലുള്ള എല്ലാ ദേവാലയങ്ങളിലും ചെറിയതും വലിയതുമായ ഗായകസംഘങ്ങൾ (choir) ഉണ്ട് എന്നത് തികച്ചും ചാരിതാർത്ഥ്യജനകമാണ്. ഒരു നല്ല ഗായകസംഘത്തെ വാർത്തെടുക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ മാത്രമല്ല, നിശ്ചയദാർഢ്യമുള്ള സംഘാടകരും, യോഗ്യരായ നായകരും, അശ്രാന്ത പരിശ്രമവും എല്ലാറ്റിനുമുപരിയായി ദൈവാനുഗ്രഹവും വേണമെന്നതിന് തർക്കമില്ല. അനുഗ്രഹീതരായ ഗായകരും, സംഗീതജ്ഞരും, അടങ്ങുന്ന ഒരു ഗായകസംഘം "എയ്ഞ്ചൽ വിങ്ങ്സ്" ഗാന്ധിപുരം ലൂർദ്ദ് ഫൊറോനാ ദേവാലയത്തിന് സ്വന്തമാണെന്നത് തെല്ലൊരു അഭിമാനത്തോടെത്തന്നെ പറഞ്ഞുകൊള്ളട്ടെ! രാമനാഥപുരം രൂപതയിലെ എണ്ണപ്പെട്ട രണ്ടു choir- കളെടുത്താൽ അതിൽ ഒന്ന് "Angel wings" ആണ് എന്നതും എടുത്തു പറയത്തക്കതാണ്.

ഇടവകയുടെ ആദ്യകാല വികാരിമാരിൽ ഇന്നും ഓർമ്മിക്കപ്പെടുന്ന റവ. ഫാ. പോൾ പള്ളിപ്പാടൻ CMI യുടെ കാലത്തായിരുന്നു. 1981-ൽ

നമ്മുടെ ദേവാലയത്തിൽചിട്ടയോടുകൂടെയുള്ള ഒരു ഗായകസംഘം രൂപം കൊണ്ടത്. വിരലിലെണ്ണാവുന്ന വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ ഞായറാഴ്ചകളിലേയും വിശേഷാവസരങ്ങളിലേയും പ്രധാന കുർബ്ബാനകളെ അവർ ധന്യമാക്കി.

“സന്തോഷത്തോടെ കർത്താവിന് ശുശ്രൂഷ ചെയ്യുവിൻ;

ഗാനാലാപത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ!”

തുടർന്നുള്ള വർഷങ്ങൾ നമ്മുടെ ക്വയറിന്റെ വളർച്ചയുടെ നാളുകളായിരുന്നു. 1993-ലെ രജത ജൂബിലി ആഘോഷങ്ങളും ഇടവകദിനആഘോഷങ്ങളും 2010 ലെ രാമനാഥപുരം രൂപത രൂപീകരണവും തുടർന്നുള്ള ഇടവകയിലെ തിരുപ്പട്ടങ്ങളും 2018-ലെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും ഇടവക ഗായക സംഘത്തിന് മാറ്റുരക്കുവാൻ ലഭിച്ച അമൂല്യമായ അവസരങ്ങളായിരുന്നു. രാമനാഥപുരം രൂപത വാർഷിക കൺവെൻഷനുകളിലെ രൂപത ക്വയറിലെ സജീവ സാന്നിദ്ധ്യവും, ധാരാപുരം തെക്കുപാളയം ദേവാലയ കൂദാശകളിലെ ഗായകസംഘമായതും കൃതജ്ഞതയോടെ ഓർക്കുന്നു.

Rev. Fr ജോസ് കുളമ്പിൽ വികാരിയായി ഇരിക്കെയാണ് നമ്മുടെ ഗായകസംഘത്തിനെ “Angel wings” എന്ന് നാമകരണം ചെയ്തത്. പുതുപ്രതിഭകളെ കണ്ടെത്തി ഗായക സംഘത്തിലെടുത്തു ചിട്ടയായ പരിശീലനം നൽകിയും ആവശ്യമായ ഉപകരണങ്ങൾ നൽകിയും പ്രധാനഗായകസംഘത്തിനൊപ്പം തന്നെ ഉപസംഘങ്ങളെയും സജീവമാക്കുവാൻ നമുക്കു സാധിച്ചു. ഇവയ്ക്ക് നേതൃത്വം നൽകിയ ബഹു. അച്ചന്മാരുടെയും, ബഹു. സിസ്റ്റേഴ്സിന്റേയും, മുതിർന്ന ഗായകരുടേയും സാങ്കേതിക സഹായികളുടേയും സംഭാവനകൾ ഏറെ ശ്ലാഘനീയമാണ്. ഇടവകയിലെ മൃതസംസ്കാര ശുശ്രൂഷകൾക്ക് സംഗീത സാന്നിദ്ധ്യമായി “Fairwell Friends” എന്ന ഒരു ഗായക കൂട്ടായ്മയും “Angel Wings” ന് കീഴിലുണ്ട്.

ദിവ്യബലിയിലെ സജീവ സംഗീത സാന്നിദ്ധ്യമായി ഈ വിശ്വാസ സമൂഹത്തിന്റെ സ്തുതിപ്പിന്റെ താളമായി തുടർന്നും അലയടിക്കുവാൻ ദൈവകൃപയാൽ “Angel wings” ന് സാധിക്കട്ടെ എന്ന് ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.

# ஜெபமாலை அன்னையே! லூர்து மாதாவே



Jees Prakash

ஜெபமாலை கைகளில் தாங்கி நிற்கும்
கருணை வடிவே லூர்து மாதாவே!
பர்ணதீத்தா முன் காட்சி தந்ததுபோல்,
என் முன்னும் இன்று நீ காட்சி தந்தருளும்!
இயேசுவின் தாயே! லூர்து மாதாவே!
எங்களுக்காய் வேண்டிக்கொள்ளுமம்மா!!

லூர்து என்னும் கிராமத்தில்,
காட்சி தந்து நீ அன்று
ஜெபமாலை ஜெபிக்கவே கற்றுத்தந்ததாயே!
ஸொர்கத்தின் சந்தோஷவும்,
என்றும் இவ்வடியார்க்கு,
தந்திடுமம்மா.... லூர்து மாதாவே!!

பிதாவின் கட்டளை ஏற்றாயே
இயேசுவை உலகிர்க்களித்தாயே!
பாவக்கறையை களைந்திடவே
மகனை பலியாய் கொடுத்தாயே!!

பரிசுத்த ஆவியின் நற்கொடைகள்
ஒருங்கே இணையப் பெற்றவளே!
உம் நீல அங்கியில் என்னையும்
பொதிந்தென்றும் காத்திடுமம்மா!!
இயேசுவின் தாயே! லூர்து மாதாவே!
எங்களுக்காய் வேண்டிக்கொள்ளுமம்மா!!

# മറന്നുപോകരുതേ ഇവരെ...


ദീപാ ബിജു

പുതിയനിയമത്തിലെ ഏറ്റവും വലിയ കല്പനനാം പരസ്പരം സ്നേഹിക്കണം എന്നതാണ്. എല്ലാ കല്പനകളുടെയും അടിസ്ഥാനവും സത്തയും സ്നേഹമാണ്. അതിനാൽ നാം എപ്പോഴും പരസ്പരം സ്നേഹിക്കാനും സഹായിക്കാനും കടപ്പെട്ടവരുമാണ്. അങ്ങിനെയെങ്കിൽ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളേക്കാൾ അടിയന്തര സഹായം ആവശ്യമുള്ള വേറെ ആരാണുള്ളത്? കാരണം ഭൂമിയിലെ ഏതു വിശപ്പും ദാഹവും മറ്റു വേദനകളും ശുദ്ധീകരണസ്ഥലവുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നുമല്ല.

ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾ ദൈവത്തിനു പ്രിയപ്പെട്ടവരാണ്. അതുകൊണ്ട് അവരെ സഹായിക്കാൻ അവരെയെല്ലാവരെയും സ്വർഗ്ഗത്തിൽ തന്റെ സന്നിധിയിലേക്കു കൊണ്ടുവരാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ നീതി അവരുടെ പാപപരിഹാരം ആവശ്യപ്പെടുന്നു. എങ്കിലും അവിടുത്തെ കാരുണ്യം അവരെ സഹായിക്കുന്നതിനുള്ള മാർഗ്ഗം നമ്മുടെ കരങ്ങളിൽ ഏല്പിച്ചിരിക്കുകയാണ്. അവരെ സഹായിക്കുന്നത് തന്നെ സഹായിക്കുന്നതിനു തുല്യമായാണ് ദൈവം കണക്കാക്കുന്നത്.

പരിശുദ്ധ അമ്മയും നാം ശുദ്ധീകരണാത്മാക്കളെ സഹായിക്കണം എന്ന് ആവശ്യപ്പെടുന്നു. പരിശുദ്ധ അമ്മ ശുദ്ധീകരണാത്മാക്കളെ വിശുദ്ധീകരിച്ച് തന്നോടൊപ്പം സ്വർഗ്ഗത്തിൽ എത്തിക്കുന്നതുപോലെ, ഭൂമിയിലെ ഒരമ്മയും വേദനിക്കുന്ന ഒരു കുഞ്ഞിനെആശ്വസിപ്പിക്കുന്നില്ല. അതുകൊണ്ട് ശുദ്ധീകരണ സ്ഥലത്തെ ഓരോ ആത്മാവിനേയും മോചിപ്പിക്കുമ്പോൾ നാം അമ്മയ്ക്ക് അത്യധികമായ ആനന്ദം നൽകുകയാണ്.

നമ്മുടെ പ്രാർത്ഥനവഴി സ്വർഗ്ഗത്തിൽ എത്തുന്ന ആത്മാക്കൾ ദൈവസിംഹാസനത്തിന് മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് നമ്മെ സഹായിക്കുന്നതിനായി നിരന്തരം പ്രാർത്ഥിക്കും. അതിനാൽ ശുദ്ധീകരണാത്മക്കളെ ഒരിക്കലും മറക്കരുതേ. അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണ്.

His Holiness

# Pope Francis

October 4



## Festal Greetings




REV. SR. THRESE JOHN FCC
OCTOBER 1



REV. SR. MARY ANTO FCC
SEPTEMBER 8





REV. FR. THOMAS KAVUNGAL



REV. FR. JEEVAN PORUTHUR

## Wish You Happy Birthday



മേരിയുടെ ആദ്യകാല ജീവിതം വിവരിക്കുന്നത് യാകോബ്സ്ലീഹായുടെ അപ്പോക്രിഫോണിലാണ്.
മക്കളില്ലാത്തതിനാൽ ഭാര്യ അന്നയ്ക്കൊപ്പം ജോവാകിം വളരെ ദുഃഖത്തിലായിരുന്നു.











'കർമ്മല മാതാവ് അഥവാ കർമ്മല കന്യക' എന്നിങ്ങനെ കർമ്മല സഭയുടെ
രക്ഷാധികാരി എന്ന നിലയിൽ അനുഗ്രഹീതയായ കന്യകാമറിയം അറിയപ്പെടുന്നു.




അങ്ങയുടെ മകനായ യേശുക്രിസ്തുവിനെ സ്നേഹിച്ചതുപോലെ,
അമ്മയുടെ മാതൃസ്നേഹത്താൽ ഞങ്ങളെ ആശ്വസിപ്പിക്കണമെന്നു ഞങ്ങൾ










Greeshma C B | Class XI


Jophilla P J | Class XII


Rev. Fr. Thomas Kavungal


Hendrin Antony | Class XI


Sneha K V | Class XI


Reuben Jose T A | Class X
അഡെൽ ബ്രൈസ് 1831 ൽ ബെൽജിയത്തിൽ ജനിച്ചു.
മാതാപിതാക്കളോടൊപ്പം 1855 ൽ വിസ്കോൺസണിൽ കുടിയേറി.


Sherin S | Class XI


P.N.SOPHIE
CLASS XII TH


Ancita Shrine | Class XI


സമുദ്ര താരം


Jess Maria & Angel Mary


Jotsna. S. Matthew | Class XII


Merwin Reji | Class X
മാതാവേ! ഞങ്ങളുടെ ആരോഗ്യത്തിന്റെയും അനുകമ്പയുടെയും അമ്മേ.
ഞങ്ങളുടെ അഭയസ്ഥാനവും ആശ്വാസവുമാകാൻ ഞങ്ങളങ്ങയെ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.


Joseph Daniel | Class XI


Jency | Jismi | Tania


Abigail Joseph | Class X
കാർമ്മല പർവതത്തിലെ ഏറ്റവും മനോഹരമായ പുഷ്പമേ, ഫലമുള്ള മുന്തിരിവള്ളിയെ , സ്വർഗ്ഗത്തിന്റെ മഹത്വവും,
ദൈവപുത്രന്റെ അനുഗ്രഹീത അമ്മേ, കളങ്കമില്ലാത്ത കന്യകയെ, എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമേ.









# 13-ാം ചരമ വാർഷികം



## D. അന്തോണി

കുണ്ടുകുളങ്ങര ഹൗസ്

25.12.1929 - 06.11.2008

39-B, MARY BHAVANAM,
CHECKAN THOTTAM, GANAPATHY,
COIMBATORE - 641 006.

MARY ANTHONY, DAISY, JOY, JOSEPHINA, LILLY, THOMAS PRABHU

# പാവന സ്മരണയ്ക്ക്

15-ാം ചരമ വാർഷികം

28 - 09 - 2021



## Sr. M. ക്ലാരി ഏഞ്ചൽ M.C. (ഐമ)

( മിഷനറീസ് ഓഫ് ചാരിററി – സൂറത്ത് )

ഈ ലോക ജീവിതത്തിൽ നഷ്ടപെടാത്ത വിശുദ്ധിയുടെ വെള്ളവസ്ത്രവുമായി,
കൈ കുടുന്ന നിറയെ പനിനീർ പൂക്കളുമായി നിത്യം സൗരഭ്യം പരത്തുവാൻ രാജകൊട്ടാരത്തിലേക്ക്
വിളിക്കപ്പെട്ട സിസ്ററർ ക്ലാരി ഏഞ്ചലിന് പ്രാർത്ഥനയോടെ

*ഞാനാണ് പുനരുത്ഥാനവും ജീവനും*
*എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ 11:25)*

### 14-ാം ചരമ വാർഷികം

30 - 06 - 2021



**M.A. സ്കറിയ**

പൂവ്വത്തിനാൽ

### 41-ാം ചരമ ദിനം

13 - 08 - 2021



**അന്നമ്മ സ്കറിയ**

പൂവ്വത്തിനാൽ

*എന്നും പ്രാർത്ഥനയോടെ :* ആരാധന. M, അദ്വൈത്. M

# 6th Death Anniversary





# PLAMENA DEVASSY

## Chalissery House


Born : 26.09.1923 Died : 06.10.2015

*No man can come to me, except the father which hath sent me draw him: and I will raise him up at the Last day. (John 6:44)*

*By Sorrowing Family Members*
*9843018011*

---

# 5th Death Anniversary
**10.11.2021**






# V. R MICHAEL

**Vadakkeveetil House**
**St. George Unit**

**Sorrowing Family**

## *14 th Death Anniversary*
## 11.10.2021






# P.J. CHAIDHANYA
## (Chaidhu Mol)

**Padignarae Mangalashaery**

**Born: 10.11.1986** **Died: 11.10.2007**

*"O" Lord receive our Prayer for the soul of our Beloved Chaidhu Mol.*
*Grant her Eternal Rest by the Merciful Forgiveness through*
*Our Lord Jesus Christ., May her soul rest in peace forever.*
*Amen.*

*By Sorrowing Family*

## 5th Death Anniversary
## 20.11.2021



# O.L THOMAS

ജീവിച്ചിരിക്കുമ്പോൾ ഞങ്ങളെ
നയിച്ചതുപോലെ
ദൈവത്തിന്റെ പക്കലിരുന്ന്
ഞങ്ങളെ നയിക്കണമേ.
എന്നും അങ്ങേയ്ക്കായി പ്രാർത്ഥിക്കുന്ന
സന്തപ്ത കുടുംബാംഗങ്ങൾ

**Olakengal House**

**Born : 1928** **Died: 20.11.2015**

**By Sorrowing Family**

# 2nd Year of Remembrance





ജീവിച്ചിരിക്കുമ്പോൾ ഞങ്ങളെ
നയിച്ചതുപോലെ...
സ്വർഗ്ഗത്തിൽ നിന്ന് ഞങ്ങളെ
നയിക്കണമെ...

Born : 21.01.1934 Died : 02.11.2019

## M.K FRANCIS
**MELIT HOUSE**

*By
Sorrowing Family*

# 2nd year Death Anniversary
**27.11.2021**





**If we live, we live to the Lord,
and if we die, we die to the Lord,
So then, whether we live or
whether we die, we are the Lord's.
(Roman 14:8)**

**Birth: 12.11.1985
Death: 27.11.2019**

## Flaubert C Jose
S/o Jose C.J , Chungath House
St. Peter's Unit

*By sorrowing family*



# 1st Year Remembrance



## Mr. P.D Antony & Mrs. Lilly Antony

Born: 02.10.1937
Died: 17.09.2020


Born: 11.07.1947
Died: 12.09.2020

**Puthur House**
**(St. George Unit)**

*"Come to me, all you who are weary and burdened, and I will give you rest"*
*Mathew 11-28*

*A tribute of love from family members*


Tony Mathew. C
95435 39868
90807 04225
Flat
20%
Off
Specto Craft Opticians
Eye Testing Facility Available Here
108, (Opp) St. Michael's School,
Near Royal Theatre
Big Bizzar Street, Coimbatore - 641 001


BHAARATH
Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778
BHAARATH ELECTRICAL INDUSTRY
78, New Scheme Road, P.N. Palayam,
Coimbatore - 641 037

JOSEPH STANISLAUS. J

Mobile : 94437 75050

# WATER PROOF CONSULTANT

TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS






48/641, 7th Street Extension, Gandhipuram, Coimbatore-12

Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART

# ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej CP PLUS alhua HIKVISION Ravel DSC
SIEMENS ERREKA Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

Joseph CP
9363210497

# SINI
Photo & Videos




5/55, Vimal Nagar, Viswasapuram, cbe-35

N S FRANCO
9843246346

STAR Health Insurance
The Health Insurance Specialist

CORONA KAVACH

Upto 5 Lakhs
Covarage in all Hospitals

Valid upto 9.5 Months from the date of enrolment

0 to 45 Premium 2243
46 to 65 Premium 2697

# Fantastic Toddler (1-3 years)



**Rinu Manish**

A Toddler is a child approximately 12- 36 months old. The toddler years are time of great intellectual, emotional and social development. Between the ages one and three, physical growth slows as toddler learn to master motor and communication skills. Imitation continues to be a major element in normal development, often taking the shape of playing house or school or pretending to be princesses or super heroes. Toddlers have seemingly unlimited energy, enthusiasm and curiosity. They begin to develop complex thinking and learning abilities. Emotional communication ranges from freely bestowed hugs and kisses to crying and tantrums. Older toddlers understand the concepts of guilt, pride and shame and display them at appropriate times. Toddlers tend to believe they are the center of the universe. They understand the concept of ownership but may be unwilling to share or take turns.

**Social development in Toddlers**

Socialization in toddlers can be encouraged by many ways. An important way is by improving social interaction with other adults. The parent should leave the child with a trusted adult once in a while. Allow the child to play with other children whenever possible. The ability to make friends is important to normal social development. Even very young children need contact with other people. This is how they learn the give and take of socialization. Children who have only adult companions may have difficulty in interaction with others at their own age. All children sometimes have arguments and disagreements. Children need to learn how to solve their problems through socialization.

**Emotional development in Toddlers**

General emotional pattern includes self awareness is interested in

themselves and what they can do. Toddlers show negativism in doing opposite of what others want. Temper Tantrum starts at about 18 months old. Temper Tantrum ranges from whining and crying to screaming, kicking, hitting and breath holding. Tantrums are a normal part of child development. Learning to deal with frustration is a skill that children gain over time. Erikson's theory says that toddlers are in a stage of Autonomy Vs Shame and doubt. Autonomy is having self control. It leads to pride in one self and is achieved, if not child feels shameful and doubtful in himself/ herself and or the world. Toddlers are ego centric (self control) and become fairly selfish. However, often toddlers are caring and thoughtful in an egocentric. For example, if a band aid helps them feel better when they are sick, they may give a band aid to a parent if they say that they are sick or have headache. Toddlers see their world only through their experiences and in a self centered way.

**Importance of play**

Play is an important part of a child life. It provides purpose for the child. Children must play to help them grow. Play develops large and small muscles and increases speed, strength and coordination. Children learn how to handle their feelings and fear through play. Play teaches them how things work. Social play helps them to understand the type of social behaviour that is acceptable. Children learn to be honest and considerable as they play.

**Hazards in Toddlerhood**

As toddlerhood is the foundation of age, it is an especially hazardous time. The hazards may be physical, psychological or both. Excessive crying is both physically and psychologically damaging to the baby and to the home atmosphere. It leads to gastrointestinal disturbances, regurgitation of food, night walking and general nervous tension. Furthermore it leads to feeling of insecurity which affects the baby's developing personality. And also affects relationship with the parents and other family members unfavourably. Psychological and social hazards are as follows;

1) Delayed speech and motor development

2) Emotional deprivation

3) Stress

4) Failure to develop security

5) Over protectiveness

6) Child abuse

7) Inconsistent toilet training

**Conclusion**

between birth and age three, children rapidly achieve many important milestones that create the foundation for later growth and development. Early in life, babies depend on others to meet their needs for safety and security. The trust which established in infancy period, serves as an important first step for children's development during toddler years, a time when children establish independence by exploring their environment.

**Tips for parents of Toddlers**

1) Show your love unconditionally

2) Build a good rapo with them

3) prioritize rules not to overload

4)avoid situations that might trigger frustration and tantrums

5) don't overact when your toddler says 'no'

6) keep a daily rountine so that the child will know what to except

7) encourage communication and play

8) be a good example as children learn how to act by watching their parents.

# പ്രാർത്ഥനാ ജീവിതം



ജീന ജോൺസൺ

പുഷ്പങ്ങളിൽ അതിമനോഹരിയായി അറിയപ്പെടുന്ന സൂര്യകാന്തിയെക്കുറിച്ച് ഒരു ഐതിഹ്യമുണ്ട്. ലോകം മുഴുവനും പ്രകാശം ചൊരിയുന്ന സൂര്യനോടുള്ള അലൗകിക പ്രണയം മൂലം ഈ പുഷ്പം തന്റെ ദൃഷ്ടി മുഴുവനായും സൂര്യനിൽ കേന്ദ്രീകരിച്ചു. അവനെ എപ്പോഴും കണ്ടുകൊണ്ടിരിക്കണം എന്ന അടങ്ങാത്ത ആഗ്രഹം മൂലം എവിടെയാണോ സൂര്യൻ സ്ഥിതിചെയ്യുന്നത്. ആ ദിശയിലേയ്ക്ക് തന്നെ പൂർണ്ണമായും അർപ്പണം ചെയ്തു. തന്നെ അത്രമേൽ സ്നേഹിക്കുന്ന ഈ പുഷ്പത്തെ സൂര്യനും പരിഗണിച്ചു. അങ്ങനെ തന്റെ തേജസ്സിലൊരുഭാഗം അവൻ അവൾക്കു നൽകി. ആ ദിവ്യ പ്രഭയിൽ അവളീ ഭൂമിയിൽ മിന്നിവിളങ്ങി.

ഇത് ഏതോ ഒരു കാവ്യ മനസ്സിൽ വിരിഞ്ഞ വെറുമൊരു ഭാവനമാത്രമായിരിക്കാം. എന്നാൽ വി. അൽഫോൻസാമ്മയുടെ ജീവിതത്തെ സംബന്ധിച്ച് ഇതൊരു നിത്യയാഥാർത്ഥ്യമാണ്. നീതി സൂര്യനായ ഈശോയെ പ്രണയിച്ച് ഇന്ന് അവന്റെ ദിവ്യ കതിരിനാൽ ഈ ലോകത്തെ പ്രകാശത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന സഹനത്തെ പ്രാർത്ഥനയാക്കി മാറ്റാൻ ശ്രമിച്ച ഒരു കൊച്ചു സൂര്യകാന്തി പുഷ്പം. ഈ പുഷ്പത്തിന്റെ കാവ്യം മറ്റൊരു കവിയ്ക്കും രചിക്കാനാവുകയില്ല. മറ്റൊരു ഗായകനും പാടാനുമാവില്ല. ഇശോയ്ക്കല്ലാതെ... അതുകൊണ്ടാണ് തന്റെ സ്നേഹനാഥനെ മമ മാനസത്തിൽ വീണമീട്ടും ഗായക എന്നവൾ പാടിയത്.

ഈ കൊച്ചു പുഷ്പത്തിൽ യേശുനാഥനിൽ നിന്നും സ്വായത്തമാക്കിയ അനേകം പുണ്യങ്ങൾ പൂമ്പൊടികളായ് നിറഞ്ഞുനിന്നിരുന്നു. അവയാണ് ഈ കൊച്ചുപുഷ്പത്തിന് സൗരഭ്യം പകർന്നത്. ഈ പൂമ്പൊടികളിൽ നിന്നും ഒരു പൂമ്പൊടിയെ ഞാൻ നിങ്ങളിലേയ്ക്ക് പകർത്താൻ ആഗ്രഹിക്കുകയാണ്. അതെ പ്രിയപ്പെട്ടവരെ തന്റെ ജീവിതത്തെ തന്നെ പ്രാർത്ഥനയായ് തിരുനാഥനർപ്പിച്ചവളുടെ പ്രാർത്ഥനാ ചൈതന്യത്തെ കുറിച്ചാണ് ഞാനിവിടെ നിങ്ങളുമായി പങ്കുവെയ്ക്കുന്നത്.

അൽഫോൻസാ ഒരു സഹനപുഷ്പമായാണ് പ്രസിദ്ധമാകുന്നതെങ്കിലും ഈ സഹനപുഷ്പത്തിന് വെള്ളവും വളവും ഊർജ്ജവും നൽകി

അതിനെപുഷ്പിച്ചെടുത്തത് അവളിൽ മിഴിവാർന്നു വിളങ്ങിയിരുന്ന പ്രാർത്ഥനാ ചൈതന്യവും അവളുടെ ജീവിതത്തിൽ സ്പഷ്ടമായ് നിൽക്കുന്ന വസ്തുതയുമാണ്. കുടമാളൂർ ഇടവകയിൽ ഉൾപ്പെട്ട, ആർപ്പൂക്കര ഗ്രാമത്തിൽ മുട്ടത്തുപാടത്ത് എന്ന പേരു കേട്ട തറവാട്. ഉത്തമ കത്തോലിക്കാ ജീവിതം അനുഷ്ഠിച്ചിരുന്ന ഔസേപ്പ് മറിയം ദമ്പതികൾ പ്രസ്തുത കുടുംബത്തിലെ അംഗങ്ങളായിരുന്നു. ഇവരുടെ ദാമ്പത്യവല്ലരിയിലെ 4-ാമത്തെ കുസുമമായാണ് അന്ന കുട്ടിയെന്ന അൽഫോൻസാ ഭൂജാതയായത്; ഒരർത്ഥത്തിൽ അവളുടെ പ്രാർത്ഥനകളരി ഈ മുറ്റത്തു വച്ചു തന്നെ ആരംഭിച്ചു എന്നു പറയാം. നിർഭാഗ്യമെന്നു പറയട്ടെ അന്നകുട്ടിയുടെ ജനനത്തിനുശേഷം 27-ാം ദിവസം തന്നെ അവളുടെ മാതാവ് ഈ ലോകവാസം വെടിഞ്ഞു. മാസം തികയാതെ പിറന്ന കുട്ടിയായതിനാലും, മുലപ്പാലിന്റെ മാധുര്യമറിയായ്ക മൂലവും ചെറുപ്പത്തിൽ തന്നെ അന്നകുട്ടി പലവിധ രോഗങ്ങളാൽ പീഡിതയായിരുന്നു. അനേകം പേരുടെ പ്രാർത്ഥനയുടെ ഫലമായ് ജീവിതത്തിലേയ്ക്ക് തിരിച്ചു വന്നവളാണിവൾ. അതിനാൽ തന്നെ സഹനങ്ങൾ കനത്ത പർവ്വതങ്ങളായി പ്രതിബന്ധം സൃഷ്ടിക്കുമ്പോൾ പ്രാർത്ഥനയാകുന്ന വജ്രായുധമേന്തി അതിനെ എങ്ങനെ നേരിടണമെന്ന് ചെറുപ്പത്തിൽ തന്നെ ഈ പ്രാർത്ഥനയുടെ പുത്രി പഠിച്ചിരുന്നു. പുഞ്ചിരിക്കുന്ന പൂക്കളിലും പൂനിലാവിലും ഈശ്വര്യമുഖം ദർശിച്ചവൾ. അൽഫോൻസാമ്മയുടെ ജീവിതം മുഴുവൻ ഒന്നു കാച്ചിക്കുറുക്കി സംഗ്രഹിച്ചെടുത്താൽ കിട്ടുന്ന സത്തും സത്തയും പ്രാർത്ഥനാ ജീവിതമാണ്. അൽഫോൻസാമ്മയ്ക്ക് പ്രാർത്ഥനാ ബന്ധവും ബന്ധപ്പെടലുമായിരുന്നു. ദൈവവുമായുള്ള അവളുടെ ബന്ധം പ്രാർത്ഥനയിലൂടെ ആഴപ്പെട്ടു. അൽഫോൻസാമ്മ ഒരു കുറിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തി. എനിക്കു സമയം കിട്ടുമ്പോഴെല്ലാം വി. കുർബാനയുടെ സന്നിധിയിൽ ഞാൻ ചെലവഴിക്കും. എന്റെ കർത്താവിനെ പൂർണ്ണമായി സ്നേഹിക്കണമെന്നേ എനിക്കാഗ്രഹമുള്ളൂ. അൽഫോൻസാമ്മയ്ക്ക് ലഭിച്ച പീഡകളെല്ലാം അവൾ സന്തോഷപൂർവ്വം സഹിക്കുകയും അവയ്ക്കുള്ള അവസരങ്ങൾ ആരായുകയും ചെയ്തു കൊണ്ടിരുന്നു. ഭക്തിയുടെ ബാഹ്യരൂപം നിലനിർത്തി കൊണ്ട്, അതിന്റെ ശക്തിയേയും ചൈതന്യത്തേയും നിഷേധിക്കുന്ന ആധുനിക ലോകത്തിന് അൽഫോൻസാമ്മ ഒരുവെല്ലുവിളിയാണ്.

“വാക്കുകളില്ലാത്ത ഹൃദയം, നിശബ്ദമായ ജീവിതം അതാണ് അൽഫോൻസാമ്മയുടെ ജീവിത പ്രാർത്ഥന”.

“കർത്താവേ അങ്ങയുടെ സ്വന്തമെന്നപോലെ എന്നോട് എന്തും

ചെയ്തു കൊള്ളുക." എന്ന് അൽഫോൻസാമ്മ പ്രാർത്ഥിച്ചിരുന്നു. തനിക്കു ദിവ്യ മണവാളൻ നൽകിയ സഹനത്തിന്റെ പാനപാത്രം ആവോളം കുടിച്ചു തീർക്കണം അതായിരുന്നു അവളുടെ വാദമുഖം.

കരുതലുള്ള സ്നേഹം, കാരുണ്യം, ക്ഷമ,വാത്സല്യം തുടങ്ങിയ ആർദ്ര വികാരങ്ങളുടെ ആൾരൂപമായിരുന്നു അൽഫോൻസാമ്മ. കാരുണ്യത്തിന്റേയും പ്രോത്സാഹനത്തിന്റേയും തൂവൽസ്പർശമായിട്ടാണ് അൽഫോൻസാമ്മ കുട്ടികളേയും സഹോദരിമാരേയും സമീപിച്ചിരുന്നത്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി തീവ്രമായി ആഗ്രഹിച്ചു. തീക്ഷ്ണമായി പ്രാർത്ഥിച്ചു. അനുസ്യൂതമായി സഹിച്ചു. പ്രാർത്ഥനയും പ്രായശ്ചിത്തവും വിശ്വാസവുമാണ് അൽഫോൻസാമ്മയെ വിശുദ്ധയാക്കിയത്. ഇനിയും ഇനിയും ക്രിസ്തുവിനുവേണ്ടി സഹിക്കണമെന്നാഗ്രഹിച്ച അവൾക്കു അവസാനമായി ലഭിച്ച മറ്റൊരു മാർഗ്ഗമാണ് പ്രാർത്ഥന. എന്നെ മുഴുവൻ നിന്റേതാക്കി മാറ്റുക അങ്ങേ തിരുഹൃദയമുറിവിൽ എന്നെ മറയ്ക്കുക....

അന്നകുട്ടിയെ സംബന്ധിച്ച് പ്രാർത്ഥനയുടെ ഉദാത്ത മാതൃക തന്റെ അപ്പച്ചൻ തന്നെയായിരുന്നു. സ്വന്തം ഭാര്യ മരിച്ചപ്പോഴും ജീവിത വഴിത്താരയിൽ അനേകം പ്രശ്നങ്ങളെ നേരിടേണ്ടിവന്നപ്പോഴും രൂപക്കൂട്ടിനു മുന്നിൽ ചരലിന്മേൽ മുട്ടുകുത്തി കൈവിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്ന അപ്പച്ചൻ തന്നെയായിരുന്നു ജീവിതത്തിലെ ഓരോ സഹനത്തെയും പ്രാർത്ഥനയുടെ മണി മുത്തുകളാക്കി മാറ്റാൻ അവളെ പഠിപ്പിച്ചത്. വല്യമ്മച്ചിയുടെ പ്രാർത്ഥനകളും പുണ്യവാന്മാരുടെ ജീവിതകഥകളുമെല്ലാം അന്നകുട്ടിയുടെ ആത്മീയ സൗന്ദര്യത്തിന് അടിത്തറപാകി. അൽഫോൻസാമ്മയുടെ സുകൃതജപം എന്ന് നാം വിശേഷിപ്പിക്കുന്ന എന്റെ അമ്മേ മാതാവേ എന്നു തുടങ്ങുന്ന സുകൃതജപം തന്റെ വല്യമ്മച്ചി തനിക്കു പഠിപ്പിച്ചു തന്നിട്ടുള്ളതാണെന്ന് അവൾതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇങ്ങനെ കുടുംബത്തിൽ വച്ചുതന്നെ പ്രാർത്ഥനാ ചൈതന്യത്തിന്റെ വിത്ത് അവളുടെ ഇളം മനസിൽ പാകപ്പെട്ടിരുന്നു.

അന്നകുട്ടിയുടെ ജീവിതത്തിന്റെ ഓരോ വിഷമസ്ഥിതികളിലും അവർ പ്രാർത്ഥനയിൽ അഭയം പ്രാപിച്ചിരുന്നു. കൗമാരപ്രായത്തിലേയ്ക്ക് കടന്നിരുന്ന ഈ സൗന്ദര്യതിടമ്പ് വിവാഹാലോചനകളാൽ പൊറുതി മുട്ടിയപ്പോഴും പേരപ്പനും പേരമ്മയും മഠത്തിൽ ചേരണമെന്ന തന്റെ ഇംഗിതത്തിന് വഴങ്ങാതിരുന്നപ്പോഴും ഒടുവിൽ തന്റെ യേശുനാഥന്റെ സ്വന്തമാകാൻ വേണ്ട ശരീരം അഗ്നിയിൽ ശുദ്ധി ചെയ്തപ്പോഴും പ്രാർത്ഥനയിൽ തന്നെയായിരുന്നു അവർ പൂർണ്ണമായും ആശ്രയിച്ചിരുന്നത്. കന്യകാലയ

പ്രവേശത്തിന് തടസം നിൽക്കുന്നത് തന്റെ സൗന്ദര്യമാണെന്ന് കണ്ട് അത് യേശുനാഥനായ് സമർപ്പിക്കുവാൻ ദൃഢനിശ്ചയം ചെയ്ത ആ രാത്രിയിൽ മകര കൊയ്ത്തിനുശേഷം പടിഞ്ഞാറൻ കാറ്റ് ശപിച്ച് കിഴക്കരുകിൽ തള്ളിയ ചൂട്ടകത്തിയെരിയുന്ന പതിക്കൂനയിലേയ്ക്ക് അവളെ കാലെടുത്തുവയ്ക്കുവാൻ മാത്രം ധൈര്യപ്പെടുത്തിയത് പ്രാർത്ഥനഒന്നു മാത്രമായിരുന്നു. അൽഫോൻസാമ്മയുടെ ജീവിതത്തിലെ ഈ ഒരു സംഭവത്തിൽ നിന്നു മാത്രം പ്രാർത്ഥനയിൽ അവളെത്രമാത്രം നിമഗ്നയായിരുന്നുവെന്ന് മനസ്സിലാക്കാം.

പിന്നീട് കന്യകാലയം പ്രവേശനശേഷം തന്റെ സൗന്ദര്യത്തിന്റെയും കഴിവിന്റേയും പേരിൽ അവൾക്ക് അസൂയാലുക്കളുണ്ടായി. ഇങ്ങനെയുള്ള അസൂയാലുക്കളുടെ പ്രേരണയാൽ കന്യകാലയ ജീവിതത്തിൽ നിന്നും അൽഫോൻസാമ്മയെ പിന്തിരിപ്പിക്കാൻ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പ്രതിസന്ധികളെയെല്ലാം പ്രാർത്ഥനയെന്ന കരുത്തേറിയ ആയുധമുപയോഗിച്ച് ചെറുത്തു നിൽക്കുവാൻ ഈ കന്യകയ്ക്ക് സാധിച്ചു.

തുടർന്ന് ശിരോ വസ്ത്രത്തിനുശേഷം ഒന്നു രണ്ടുവർഷം രോഗത്തിന് അടിമപ്പെട്ട് ഭരണങ്ങാനത്തുതന്നെ കഴിയേണ്ടിവന്ന അവസരത്തിലും നിത്യവ്രത വാഗ്ദാനം നടത്തി ഒരു പൂർണ്ണ കന്യാസ്ത്രീയായ് തീരുന്നതിന് അതിയായ് ആഗ്രഹിച്ചു കൊണ്ട് സഹനത്തെ പ്രാർത്ഥനയാക്കി മാറ്റിക്കൊണ്ട്, അൽഫോൻസാ, ദിനങ്ങൾ എണ്ണി എണ്ണി നീക്കികൊണ്ടിരുന്നു. നോവിഷ്യറ്റു കാലഘട്ടങ്ങളിൽ രോഗം ബാധിച്ച് മരണാസന്നയായ് കിടന്നപ്പോഴും തന്റെ ലക്ഷ്യ പ്രാപ്തിക്കായ് അൽഫോൻസാമ്മയ്ക്ക് വീറും ധൈര്യവും നൽകി അവളെ പ്രാപ്തയാക്കിയതും ഈ പ്രാർത്ഥനയാണ്.

ഇങ്ങനെ ജീവിതമാകുന്ന കരകാണാകായലിൽ സഹനമാകുന്ന തോണിയിൽ കയറിയിരുന്ന അൽഫോൻസാമ്മയെ സ്വർഗ്ഗമാകുന്ന കരയിലേയ്ക്ക് എത്തിച്ചത് പ്രാർത്ഥനയാകുന്ന തുഴയായിരുന്നു. ഓ എന്റെ ഈശോനാഥാ എന്നു തുടങ്ങുന്ന അൽഫോൻസാമ്മയുടെ അതിമനോഹരമായ പ്രാർത്ഥനയിൽ ഈ വിശുദ്ധയും ഈശോനാഥനും തമ്മിലുള്ള ആത്മീയ ബന്ധം നമുക്ക് ഓർമിക്കാൻ സാധിക്കും. അതെ പ്രിയപ്പെട്ടവരെ അൽഫോൻസാമ്മയെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനഎന്നാൽ സ്നേഹനാഥനുമായുള്ള സംഭാഷണം തന്നെയായിരുന്നു. ജീവിതം തന്നെ സഹനത്തെ സ്നേഹമാക്കി മാറ്റിയ ഒരു പ്രാർത്ഥനാഗീതമാണ് അന്നു സോളമൻ രചിച്ചെങ്കിൽ ഇതാ ഈ ഇരുപതാം നൂറ്റാണ്ടിൽ അൽഫോൻസാ.....

# വിശുദ്ധ സിസിലിയ



ലിൻസി പ്രകാശ്

നവംബർ 22 വിശുദ്ധ സിസിലിയായുടെ തിരുനാൾ. ദേവാലയ സംഗീതത്തിന്റെ മദ്ധ്യസ്ഥയായാണ് വിശുദ്ധ സിസിലിയായെ ആദരിച്ച് വരുന്നത്. ഇത്തരുണത്തിൽ വിശുദ്ധയുടെ ജീവചരിത്രത്തിലൂടെ നമുക്ക് ഒന്ന് കണ്ണോടിക്കാം.

പുരാതനറോമിൽ വളരെയേറെ ആദരിക്കപ്പെട്ടിരുന്ന ഒരു വിശുദ്ധയായിരുന്നു സിസിലിയാ. ചരിത്ര വിവരണമനുസരിച്ച് വിശുദ്ധ സിസിലിയ പ്രാർത്ഥനകളിലും ധ്യാനങ്ങളിലും മുഴുകിയ ഒരു ജീവിതമായിരുന്നു നയിച്ചിരുന്നത്. താൻ ജീവിതകാലം മുഴുവൻ കന്യകയായിരിക്കും എന്നവൾ പ്രതിജ്ഞ ചെയ്തിരുന്നു.

അവളുടെ മാതാപിതാക്കളുടെ സമ്മതപ്രകാരം വലേരിയൻ എന്ന യുവാവ് അവളെ വിവാഹം ചെയ്യുവാൻ ആഗ്രഹിച്ചിരുന്നു. അതേതുടർന്ന് അവരുടെ വിവാഹം തീരുമാനിക്കപ്പെട്ടു. അങ്ങനെകല്ല്യാണ ദിവസം രാത്രിയിൽ അവൾ വലേരിയന്റെ ചെവിയിൽ വളരെ രഹസ്യമായി ഇപ്രകാരം പറഞ്ഞു. “ഒരു രഹസ്യം ഞാൻ നിന്നോട് പറയാൻ ആഗ്രഹിക്കുന്നു. അസൂയയോടുകൂടി എന്റെ ശരീരത്തിന് കാവൽ നിൽക്കുന്ന ദൈവത്തിന്റെ മാലാഖയായ ഒരു കാമുകൻ എനിക്കുണ്ട്”. തനിക്ക് ആ മാലാഖയെ കാണിച്ചുതന്നാൽ താൻ ക്രിസ്തുവിൽ വിശ്വസിക്കാമെന്ന് വലേരിയൻ വാക്ക് കൊടുത്തു. എന്നാൽ മാമ്മോദീസ കൂടാതെ ഇത് സാധ്യമല്ലെന്ന് വിശുദ്ധ വലേരിയനെധരിപ്പിച്ച പ്രകാരം അദ്ദേഹം ഉർബൻ പാപ്പായാൽ ജ്ഞാനസ്നാനം സ്വീകരിച്ച് തിരിച്ചുവന്നപ്പോൾ വിശുദ്ധ സിസിലി തന്റെ ചെറിയ മുറിയിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നതും അവളുടെ സമീപത്തായി ദൈവത്തിന്റെ മാലാഖ നിൽക്കുന്നതും വലേരിയൻ കണ്ടു.

കന്യകാത്വത്തോടുള്ള സിസിലിയുടെ ഇഷ്ടത്തിൽ പ്രീതിപൂണ്ട മാലാഖ അവർക്ക് മഞ്ഞ്കണക്കെ വെളുത്ത നിറമുള്ള ലില്ലിപുഷ്പങ്ങളും കടുംചുവന്ന നിറത്തിലുള്ള റോസാപുഷ്പങ്ങളും നിറഞ്ഞ ഒരു പൂക്കൂട സമ്മാനിച്ചു. ഒരിക്കലും വാടാത്ത ഈ പൂക്കൾ ചാരിത്രം ഇഷ്ടപ്പെടുന്നവർക്ക് മാത്രമേ ദർശിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. ഇതിന് പുറമേ വലേരിയൻ തന്റെ സഹോദരനായ തിബർത്തിയൂസിന്റെ മതപരിവർത്തനത്തിനുവേണ്ടിയും മാലാഖയോട് അപേക്ഷിച്ചു.



വിവാഹിതരായ ഈ ദമ്പതികളെ അനുമോദിക്കുന്നതിനായി വന്നപ്പോൾ മനോഹരമായ ഈ പൂക്കൾ അവർക്ക് എങ്ങനെലഭിച്ചു എന്നറിഞ്ഞ തിബർത്തിയൂസ് മാമ്മോദീസ സ്വീകരിച്ചു. ഇവരുടെ മതപരിവർത്തനത്തെക്കുറിച്ചറിഞ്ഞ മുഖ്യനായ അൽമച്ചിയൂസ് ഇവരെ തടവിലാക്കുന്നതിനായി തന്റെ ഉദ്യോഗസ്ഥനായ മാക്സിമസിനെഅയച്ചു. തങ്ങളുടെ വധശിക്ഷയുടെ തലേദിവസം രാത്രിയിൽ ഇവർ മാക്സിമസിനെഉപദേശിക്കുകയും അതിൻ പ്രകാരം അദ്ദേഹവും അദ്ദേഹത്തിന്റെ മുഴുവൻ കുടുംബവും മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു.

അനേകരെ വിശ്വാസത്തിലേക്ക് നയിക്കുന്നത് കാണാൻ ഇടയായ മുഖ്യൻ വിശുദ്ധയെ വധിക്കുവാൻ ഉത്തരവിട്ടു. വിശുദ്ധയെ വെള്ളത്തിൽ മുക്കികൊല്ലുവാൻ ശ്രമിച്ചെങ്കിലും അവർക്ക് ഒരു കുഴപ്പവും സംഭവിച്ചില്ല. തുടർന്ന് ഒരു തീച്ചൂളയിൽ ഒന്നര ദിവസം ഇട്ടു. എന്നാൽ അഗ്നി വിശുദ്ധയുടെ ശരീരത്തെ ദഹിപ്പിച്ചില്ല. അതേ തുടർന്ന് വിശുദ്ധയുടെ തലവെട്ടി മാറ്റുവാൻ ആജ്ഞാപിച്ചു. ഇതിനായി നിയോഗിച്ച ആൾ മൂന്ന് ശ്രമങ്ങൾ നടത്തിയെങ്കിലും ഭാഗികമായി പരാജയപ്പെട്ടതിനെതുടർന്ന് രക്തത്തിൽ കുളിച്ച അവസ്ഥയിൽ വിശുദ്ധയെ അവിടെതന്നെ ഉപേക്ഷിച്ചു പോയി. ആ അവസ്ഥയിലും പാവങ്ങളെ പ്രോത്സാഹിപ്പിക്കുകയും തന്റെ ഭവനം ഒരു ദേവാലയത്തിനായി സമർപ്പിക്കുകയും ചെയ്തുകൊണ്ട് മൂന്ന് ദിവസത്തോളം വിശുദ്ധ ജീവിച്ചിരുന്നു.

നാലാം നൂറ്റാണ്ടിൽ ട്രാസേറപരെയിൽ വിശുദ്ധയുടെ വീടിരുന്ന അതേ സ്ഥലത്ത് തന്നെ അവളുടെ പേരിൽ ഒരു പള്ളി ഉണ്ടായിരുന്നു. ഏതാണ്ട് 230-ൽ അലക്സാണ്ടർ സെവേരുസ് ചക്രവർത്തിയുടെ ഭരണകാലത്താണ് വിശുദ്ധയുടെ രക്തസാക്ഷിത്വം ഉണ്ടായതെന്ന് കരുതപ്പെടുന്നു. 1599-ൽ വിശുദ്ധയുടെ ശവക്കല്ലറ തുറക്കുകയും അവളുടെ ശരീരം സൈപ്രസ് മരം കൊണ്ടുണ്ടാക്കിയ ശവപ്പെട്ടിയിൽ കാണപ്പെടുകയും ചെയ്തു. മരിക്കുന്നതിന് തൊട്ട് മുൻപ് ഇരുന്നത് പോലെ ഒട്ടും തന്നെ അഴുകാതെയാണ് വിശുദ്ധയുടെ മൃതശരീരം ഇരുന്നത്. ഈ ശരീരം കാണാനിടയായ സ്റ്റീഫൻ മദേർണ എന്നയാൾ താൻ കണ്ടത്പോലെ തന്നെ വിശുദ്ധയുടെ ഒരു പ്രതിമ നിർമിക്കുകയുണ്ടായി. മധ്യകാലം മുതലേ തന്നെ വിശുദ്ധ സിസിലിയായെ ദേവാലയ സംഗീതത്തിന്റെ മദ്ധ്യസ്ഥയായി ആദരിച്ച് വരുന്നു.

# മാതാവ് സഹരക്ഷകയും മധ്യസ്ഥയും

വീണ്ടും ഒരു ഒക്ടോബർ മാസം വരവായി! ജപമാല മാസം ജപമാലകൾ ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുവാൻ മാറ്റി വയ്ക്കപ്പെട്ട മാസം. നമ്മുടെ ജീവിതയാത്രയിൽ തളർന്നപ്പോഴെല്ലാം ആശ്രയമായിരുന്നത് ഈ ജപമാല മണികളാണ്. വീണു പോകുമായിരുന്ന ഇടങ്ങളിലൊക്കെ ഈ ജപമാല മണികൾ വീണ്ടും ഉണർവേകി. ജീവവായുവുമായി ഈ മണികൾ എന്നും എപ്പോഴും നമ്മൊടൊപ്പമുണ്ട്. വിശുദ്ധനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഓർമ്മിപ്പിക്കുന്നതുപ്പോലെ മാതാവിലൂടെ ക്രിസ്തുവിലേക്ക് എത്തുക ക്രിസ്തുവിനെഅറിയുക, ക്രിസ്തുവിന്റേതായി മാറുക. ഈ ജപമാല മാസ ത്തിൽ ജപമാലകൾ ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥ്യം വഴി ക്രിസ്തുവിന്റെ ജീവി തത്തെ ധ്യാനിക്കുവാനും, സ്വന്തമാക്കുവാനും നമ്മുക്ക് സാധിക്കട്ടെ. ക്രിസ്തു വിനെസ്വന്തമാക്കണമെങ്കിൽ തീർച്ചയായും ഈ അമ്മയുടെ മാദ്ധ്യസ്ഥ്യം വളരെ ആവശ്യമാണ്. കാരണം രക്ഷകന്റെ അമ്മയ്ക്ക് രക്ഷാകര പദ്ധതിയിൽ സവിശേ ഷമായൊരു സ്ഥാനമുണ്ട്. കാലസമ്പൂർണ്ണത വന്നപ്പോൾ, ദൈവം തന്റെ പുത്രനെഅയച്ചു. അവൻ സ്ത്രീയിൽ നിന്നു ജാതനായി. അതുകൊണ്ടുതന്നെ ക്രിസ്തു രഹസ്യത്തിൽ പരിശുദ്ധ മറിയത്തിനുള്ള പങ്കിനേയും, സജീവമായ മാതൃകാപരമായ സാന്നിധ്യവും വിലയേറിയതാകയാൽ ആ അമ്മ വഴി, അമ്മ യുടെ മക്കളായ നമുക്ക് ക്രിസ്തുവിലേക്ക് എളുപ്പത്തിൽ എത്താനായേക്കും.

സഹരക്ഷക എന്ന് നമ്മൾ മാതാവിനെപറയുവാൻ കാരണം സഭ നീങ്ങു ന്നത് പുത്രനുമായുള്ള ഐക്യം വിശ്വസ്തതാപൂർവ്വം കുരിശുമരണം വരെ തുടർന്നും അഭംഗുരം കാത്തു സൂക്ഷിച്ച് വിശ്വാസത്തിന്റെ തീർത്ഥാടനത്തിൽ മുന്നേറിയ കന്യകാമറിയത്തിന്റെ പാതയിലൂടെയാണ്. കാലത്തിന്റെ സമ്പൂർണ്ണത നിർണ്ണായകമാംവിധം ആസന്നമായ വേളയിൽ എമ്മാനുവേലിന്റെ രക്ഷാകരമായ ആഗമനത്തിൽ അവിടത്തെ അമ്മയാകാൻ അനാദിയിലേ തിര ഞ്ഞെടുക്കപ്പെട്ട മറിയം, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുൻപേ മറിയം സമാഗതയായി എന്ന യാഥാർത്ഥ്യം സഭ വിശ്വസിച്ചു വരുന്നു. A.D. 431 ൽ എഫേസൂസ് സൂനഹദോസിൽ വച്ച് ക്രിസ്ത്യാനികൾക്ക് അത്യാഹ്ലാദമേകുമാറ് മറിയത്തിന്റെ ദൈവമാതൃത്വം എന്ന സത്യം സഭയുടെ ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെട്ടു. ദൈവകൃപ നിറഞ്ഞവളാണ്, പരിശുദ്ധ അമ്മ എന്നാണ് മാതാവിനെദൈവദൂതൻ സംബോധനചെയ്യുന്നത്. അനേക വർഷങ്ങൾ, അതാ യത് യുഗങ്ങളോളം കാത്തിരുന്ന് ദൈവപുത്രന്റെ മാതാവാകാൻ ഭാഗ്യം ലഭിച്ചത് പരിശുദ്ധ അമ്മയ്ക്കു മാത്രമാണ്. അതുകൊണ്ടാണ് അമ്മയെ ഭാഗ്യവതി എന്നു പ്രഘോഷിക്കുന്നത്. ഗബ്രിയേൽ ദൈവദൂതൻ മാതാവിനെഅഭിസംബോ ധനചെയ്യുന്നത് ദൈവകൃപ നിറഞ്ഞവളേ സ്വസ്തി കർത്താവ് നിന്നോടുകൂടെ എന്നാണ്. ഇത് കേട്ട് അസ്വസ്ഥയാകുന്ന മറിയത്തെ ദൈവദൂതൻ ആശ്വസിപ്പി ക്കുന്നു. നീ ഭയപ്പെടേണ്ട ദൈവ സന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെപ്രസവിക്കും അവനെനീ യേശു എന്നു പേരിട ണം. വന്ധ്യയായ എലിസബത്ത് ഗർഭിണിയാണെന്ന വിവരം മാതാവിനെദൈവ

ദൂതൻ അറിയിക്കുന്നുണ്ട്. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന് ദൂതൻ വെളിപ്പെടുത്തുന്നു. ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്ന് മാതാവ് പറഞ്ഞപ്പോഴാണ് ദൂതൻ അവളുടെ മുന്നിൽ നിന്ന് മറഞ്ഞത്. കർത്താവിന്റെ വാക്കുകൾ നിറവേറുമെന്ന് വിശ്വസിച്ചാൽ അങ്ങനെഭാഗ്യവതി എന്ന വാക്കിന് അർഹയായി. കാലിത്തൊഴുത്തിലെ യേശുവിന്റെ ജനനം മാനസികമായി അമ്മയെ വളരെ തളർത്തിയിരിക്കണം. ഹേറോദോസിനെഭയന്ന് കുഞ്ഞിനെയും കൂട്ടി ഈജിപ്തിലേക്കുള്ള പാലായനം, അതും വേദനിപ്പിക്കുന്ന ഒരു അനുഭവമാണ് അമ്മയ്ക്ക് നൽകിയിരുന്നത്. ഹേറോദോസിന്റെ മരണശേഷം നസ്രായൻ എന്നു വിളിക്കപ്പെടുന്നതിനുവേണ്ടി ഇസ്രയേലിലെ നസ്രത്തിലേക്കുള്ള കുഞ്ഞിനെയും കൊണ്ടുള്ള യാത്ര അമ്മയ്ക്ക് പരീക്ഷണഘട്ടമായിരുന്നു. നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും എന്ന ശിമയോന്റെ പ്രവചനം അമ്മയെ വളരെ വേദനിപ്പിച്ചിരിക്കും.

12-ാം വയസ്സിൽ ജറുസലെമിലെ തിരുനാളിൽ സംബന്ധിച്ച് തിരിച്ചുവരുമ്പോൾ മകനെനഷ്ടപ്പെട്ട അമ്മ അനുഭവിച്ച സങ്കടം ഊഹിക്കാവുന്നതിലുമപ്പുറമാണ്. സ്നേഹിച്ചവരെല്ലാം തള്ളിപറയുകയും ഉപേക്ഷിക്കുകയും കുരിശിലേറ്റി കൊല്ലുകയും ചെയ്യുന്നത് നോക്കിനിന്ന ഒരമ്മയുടെ വേദന... മരണശേഷം തളർന്നു പോയ ശിഷ്യരെ ബലപ്പെടുത്തുവാൻ അവരുടെ കൂടെയിരുന്ന അമ്മയെ നമ്മുക്ക് കാണാൻ സാധിക്കും. സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയായി നമ്മൾ അമ്മയെ കരുതുന്നു. പഴയനിയമത്തിൽ നമ്മുടെ പൂർവ്വികർ മരുഭൂമിയിലൂടെ കാനാൻ ദേശത്തേക്ക് നടത്തിയ യാത്രയെ ഓർമ്മിപ്പിച്ചുകൊണ്ട് ഒരു ഇടയന്റെ കീഴിൽ അനേകം പ്രതിബന്ധങ്ങളെ മറി കടന്ന് ഇതുവരെ എത്തിനിൽക്കുന്ന തീർത്ഥാടക സഭയുടെ അമ്മയായി മറിയത്തെ ലഭിച്ച നമ്മൾ തീർത്തും സുരക്ഷിതരും ഭാഗ്യമുള്ളവരുമാണ്. സഹായം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല എന്നു എത്രയും ദയയുള്ളമാതാവിന്റെ പ്രാർത്ഥന, മാതാവിന്റെ മധ്യസ്ഥ ശക്തി വെളിപ്പെടുത്തുന്ന ഒന്നാണ്. കാനായിലെ കല്യാണ വിരുന്നിൽ ആരംഭിച്ച മാതാവിന്റെ മാധ്യസ്ഥ്യം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. നിത്യം സഹായം അരുളുന്ന അമ്മയെ ലഭിച്ചതിൽ നമ്മുക്ക് ദൈവത്തോട് നന്ദി പറയാം. നമ്മുടെ ദുഃഖങ്ങളിൽ, മുറിവുകളിൽ, പ്രതിബന്ധങ്ങളിൽ സഹായം തേടി നമ്മുക്ക് അമ്മയുടെ അരികിലേക്ക് ഓടിയെത്താം. നമ്മളെ നോക്കി സ്വർഗ്ഗത്തിൽ നമ്മെ കാത്തിരിക്കുന്ന അമ്മയുടെ കാപ്പയിൻ കീഴിൽ നമ്മുടെ ദുഃഖങ്ങളെ മറക്കാൻ ശ്രമിക്കാം. അമ്മയുടെ ഒരു തലോടലിനായി ഒരു ആലിംഗനത്തിനായി കാത്തിരിക്കുന്ന മക്കളെ അമ്മ ഒരിക്കലും കൈവിടില്ല എന്ന വിശ്വാസത്തോടെ എല്ലായ്പ്പോഴും നമ്മുക്ക് ആയിരിക്കാം. പ്രത്യേകമായി സഹരക്ഷകയും മദ്ധ്യസ്ഥയുമായ അമ്മയോടൊപ്പം ജപമാല മണികൾ കൈയ്യിലേന്തി ഒന്നു ചേർന്ന് നമ്മുക്ക് പ്രാർത്ഥിക്കാം. ആമ്മേൻ.

Rosemol Polson

## Movie Review: # Home




# # Home: The Precious Gift





Jeffy Augustin

**Changing with the times is not something which comes naturally to everyone.**

Oliver Twist, the protagonist of # Home is someone who has gone through that struggle more than once in his life. In a short flash back, the story tells us how he used to run one of the most sought-after video cassette lending libraries in town. The era of video cassettes passed, and he was left behind, longingly looking at the old cassettes stacked up in his attic. In the present day, Oliver Twist finds an almost unbridgeable gap between him and his sons, who are lort in their smart phones and drowned in social media, a world which is alien to him, as it is for many of his generations. Yet, the gap is more than one of technology. He yearns especially for the approval and care of his elder son Antony, a writer-director caught in a rut after his successful debut film.

# Home speaks the story of the majority of people and families in the world. It specifically points to how mobile and technology have taken over the boomers, leaving little to no time for their parents and family. The film throws light upon the importance of living your life free of technology and with people around you especially in the family. It also highlights how mobile phones have unconsciously affected our lives in a drastic manner. The film carries a very relevant subject and message. It is an eye opener for the boomers generations on how ignorant they have been towards their technologically uneducated parents.

Honour your father and your mother, that your days may be long in the land which the Lord

your God gives you. The apostles teaches “Children obey your parents in the lord for this is right, honour your father and mother that it may be well with you and that you may live long on earth”. CCC article no.2205 teaches the Christian family is a communion of persons, a sign and image of the communion of the Father and the Son in the Holy Spirit. But in this modern era the concepts and views towards the family changed a lot. We may also expect certain things of our adult children, based on what we were doing at their age. These expectations are pretty unfair because the world has significantly changed since we were young adults. We can’t expect the same outcome. The influence of technology and it’s devices over the past 20 years has accelerated the worlds rate of change. Parents need to be gracious and forgiving when their adult children display less than mature emotional responses to life events. They need to be “remember that we are instructed to be gracious to one another as God has been to us” (Ephesians 4:32).

The Bible says that children should obey and submit to their parents (Ephesians 6:1, Colossians 3:20).lets think about today’s situation. Our own son says that because he is an adult, this commandment does not apply to him anymore. When does an adult child become fully independent of his parent’s control? For most children entering adulthood is culturally defined. For example, in the Jewish tradition a boy is considered a man at 13. In America, the threshold of adulthood recognized by law is 18. Age differs from society to society. And an individual’s level of maturity also impacts the journey. But the basic idea is the same: “When I was a child, I spoke like a child; I thought like a child, I reasoned like a child. When I became a man, I gave up childish ways”. Now, none of this means that your son has the right to treat you dismissively or to criticize your values and opinions. Christians know that there is no justification for treating another person with disrespect. What’s more, as your peer, your adult child remains under an obligation to submit to you not as his parents but as fellow human beings and as his brother and sister in Christ. Here becoming an adult does not mean that we should disrespect the parents. But it is a call to give respect and honour towards those who allow you to live in this earth. It is call to all children to their responsibilities towards their parents. As much as they can, they must give them material and moral support in old age and in times of illness, loneliness, or distress. The parents also have the responsibility to treat their children as the gift of God and they are the children of God.

“Respect for parents derives from Gratitude towards those who, by the gift of life, their love and their work, have brought their children into the world and enables them to grow in stature, wisdom, and grace. With all your heart honour your father, and do not forget the birth pangs of your mother. Remember that through your parents you were born; what can you give back to them that equal their gift to you?”. CCC 2215

# KIND




**Smitha Maria Thomas**
**VIII**

Kindness is a grace that we all must have, our Lord Jesus Christ is the model for true kindness, and he never left anyone without blessings. Whoever came to him he treated them with lot of kindness and compassion.

Bible urges us: “Do not neglect to do good and to share what you have, for such scarifies are pleasing to God” (Heb 13:16). St. Paul in his letter to the Corinthians reminds us of God’s love upon those who share their resources with the less-fortunate. Each one must give as he has decided in his heart not reluctantly as under compulsions, for God loves the cheerful giver (2 Cor 9:7). A young couple got stuck in the highway late night as their car was broke down. The couples found their way through a near village to take shelter for that night. They went to a small farm house where an old aged couples lived. The young couples requested shelter to stay in there that night. But old aged couples said we have a small room for you to stay in that night. Early next morning, young couples walked up and left few dollars on the dressing table as they came out from the room and kept a note ‘we will never forget this act of kindnesses.

There is innate goodness in each of us. When we transmit this goodness into action we touch the lives of the people and receive blessings from them. We meet many people around us every day, who need our help. Are we ready to help them? Jesus Christ is our model, and He shows us so that we may imitate Him by showing kindness to the people in need. Let us try to spread the light of kindness in this world and lets become the true disciples of Jesus Christ.



# BLESSED VIRGIN MOTHER OF THE MOST HOLY ROSARY.

***"…Pray the Rosary every day in honor of Our Lady of the Rosary, in order to obtain peace for the world and the end of the war, for she alone can be of any avail."***
***-Our Lady of Fatima.***

This was said by Our Lady of Fatima to the three shepherd children Lucia, Jacinta and Francisco during the third apparition on July 13,1917.Throughout her apparitions, she stressed prayer, fasting and sacrifice to obtain peace for the world and the conversion of sinners. She particularly encouraged daily devotion to the rosary.The Holy Rosary is considered as a perfect prayer because,within it lies the awesome story of our salvation. With the Rosary in fact we meditate the mysteries of joy, sorrow, glory and light of Jesus and Mary. It's a simple prayer, so simple and humble like Mary.The incident which marked the beginning of the feast celebration of the Blessed Virgin Mary of the Rosary was the Christian victory over the Turkish navy in 1571,which is believed to have happened after the recitation of the Holy Rosary and they attributed the victory to Our Lady's intercession. St Pope Pius V introduced in 1572 this victory as the Feast of the Blessed Virgin Mother of Victory and in 1573, his successor, Pope Gregory XIII, changed this title to "Feast of the Holy Rosary" to be celebrated on the first Sunday of October. Under St Pope Pius X, the Feast was again scheduled on 7th October every year ; in 1960 it finally got the title "Feast of the Blessed Virgin Mary of the Rosary" and it is now a mandatory memorial. The Rosary means " A Crown of Roses". Our Lady has revealed to several people that each time they say a Hail Mary they are giving her a beautiful rose and that each complete Rosary makes her a crown of roses. The rose is the queen of flowers, and so the Rosary is the rose of all devotions. Above all, each day, through prayer you can drive away from ourselves and from our homeland many dangers and evils. Being Catholic should be a way of life. Prayer is what the world needs , combined with the example of our lives which testifies the Light of Christ.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**2021–ഒക്ടോബർ**

01. വി. കൊച്ചുത്രേസ്യ, ജപമാലമാസാരംഭം, ആദ്യവെള്ളി

02. കാവൽമാലാഖമാർ

03. വി. ഫ്രാൻസിസ് അസ്സീസി, പരി. പിതാവ് മാർ ഫ്രാൻസിസ് മാർപാപ്പയുടെ നാമഹേതുക തിരുനാൾ

15. ആവിലായിലെ വി. അമ്മ ത്രേസ്യ

16. വാഴ്ത്തപ്പെട്ട തേവർ പറമ്പിൽ കുഞ്ഞച്ചൻ

17. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, ആഗോള മിഷൻ ഞായർ

18. വി. ലൂക്കാ സുവിശേഷകൻ

31. ജപമാലമാസ സമാപനം

**2021 നവംബർ**

01. സകല വിശുദ്ധരുടെയും തിരുനാൾ

02. സകല മരിച്ചവരുടെയും ഓർമ്മ

05. വി. സഖറിയായും വി. ഏലിശ്വായും, ആദ്യവെള്ളി

21. മിശിഹായുടെ രജ്യത്വതിരുനാൾ

28. ഹോറെബ് ഫെസ്റ്റ്

30. വി. അന്ത്രയോസ് ശ്ലീഹ, ക്രിസ്തുമസ്സ് നോമ്പ് ആരംഭം

# സഭാ വാർത്തകൾ

1. പത്തൊമ്പതാം നൂറ്റാണ്ടിൽ സ്പെയിനിൽ സ്ഥാപിതമായ സന്യാസസമൂഹമായ ക്ലരീഷ്യൻ സഭയുടെ സുപ്പീരിയർ ജനറൽ പദവിയിലേക്ക് പാലാ രൂപതാംഗമായ ഫാ. മാത്യു വട്ടമറ്റം സി.എം.എഫ് രണ്ടാം വട്ടവും തെരഞ്ഞെടുക്കപ്പെട്ടു. 2015 മുതൽ സുപ്പീരിയർ ജനറലായി സേവനം ചെയ്തുകൊണ്ടിരിന്ന അദ്ദേഹത്തെ ഓഗസ്റ്റ് 30 റോമിൽ സമ്മേളിച്ച ജനറൽ ചാപ്റ്ററിലാണ് വീണ്ടും അധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. പാലാ രൂപതയിലെ കളത്തൂർ സെൻറ് മേരീസ് ഇടവകാംഗമായ ഫാ. വട്ടമറ്റം ഈ സ്ഥാനത്തെത്തുന്ന ആദ്യത്തെ ഏഷ്യക്കാരനാണ്.

2. കർത്താവിന്റെ സത്യവചനം അനേകായിരങ്ങൾക്ക് പകർന്നു നല്കുകയും അവരെ ആഴമായ ക്രിസ്താനുഭവത്തിലേക്ക് നയിക്കുകയും ചെയ്ത പ്രമുഖ വചനപ്രഘോഷകൻ ബ്രദർ ജോയ്കുട്ടി ജോസഫ് (53) നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു.

3. വിശുദ്ധ കുർബാനയിലെ ക്രിസ്തുസാന്നിധ്യം വീണ്ടും ആവർത്തിച്ച് പ്രഖ്യാപിച്ച് 52-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസിന് ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ നടന്നു. സങ്കീർത്തനം 87-ൽ നിന്നും അടർത്തിയെടുത്ത “എല്ലാ ഉറവകളും അങ്ങിൽനിന്നാണ്” എന്ന ആപ്തവാക്യവുമായിട്ടാണ് 52-ാമത് രാജ്യാന്തര ദിവ്യകാരുണ്യ കോൺഗ്രസ് നടനത്. സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി കോൺഗ്രസ് സംബന്ധിച്ചു.

4. കൊറോണ മഹാമാരിയുടെ നടുവിലും വിയറ്റ്നാമിലെ സഭയ്ക്കു പങ്കുവെക്കാൻ ഉള്ളത് ദൈവാനുഗ്രഹത്തിന്റെ അനുഭവങ്ങൾ. വിയറ്റ്നാമിൽ അടുത്തിടെ 78 പേർ തിരുപ്പട്ടം സ്വീകരിച്ചപ്പോൾ ഇരുന്നൂറ്റിഅൻപതോളം സന്യസ്തരാണ് നിത്യവ്രതവാഗ്ദാനം നടത്തിയത്. ആകെ 70 ലക്ഷം കത്തോലിക്കരാണ് വിയറ്റ്നാമിലുള്ളത്.

5. മാർപാപ്പയുടെ ചാക്രികലേഖനങ്ങളുടെയും മറ്റ് പ്രബോധനങ്ങളുടെയും കത്തോലിക്കാ സഭയുടെ ഔദ്യോഗിക രേഖകളുടെയും മലയാള വിവർത്തകനായും അവയുടെ പ്രസാധനത്തിന്റെ ജനറൽ എഡിറ്ററുമായി പുനലൂർ രൂപതാംഗമായ റവ. ഡോ. ജേക്കബ് പ്രസാദിനെ കേരള

കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചു. മൂന്നുവർഷത്തേക്കാണ് നിയമനം.

6. ആഗോള പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ പരമാധ്യക്ഷനായി മാർ അവറോയെൽ തിരഞ്ഞെടുക്കപ്പെട്ടു. ആസ്ട്രേലിയയിലെ മെത്രാപ്പോലീത്ത മാർ മീലീസ് സയ്യയുടെ അദ്ധ്യക്ഷതയിൽ സഭാ ആസ്ഥാനമായ ഇറാഖിലെ ഇർബിലിൽ നടക്കുന്ന സിനഡിലാണ് സഭയുടെ 122ാമത് പാത്രിയർക്കീസായി മാർ അവറോയെൽ എപ്പിസ്കോപ്പ തിരഞ്ഞെടുക്കപ്പെട്ടത്.

7. വത്തിക്കാൻ രാജ്യത്തിന്റെ ഗവർണറായും രാജ്യത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡൻറായും ബിഷപ്പ് ഫെർണാണ്ടോ വേർഗെസ് അൽസാഗയെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. വത്തിക്കാൻ ഗവർണറേറ്റിന്റെ സെക്രട്ടറിയായി സേവനം ചെയ്തുവരികയായിരുന്നു അദ്ദേഹം. പുതിയ നിയമനത്തോടെ അദ്ദേഹത്തെ ആർച്ച് ബിഷപ്പ് പദവിയിലേക്കും പാപ്പ ഉയർത്തി.

8. സിഎംഐ സഭാംഗവും അമേരിക്കയിലെ സൗത്ത് കരോളൈന സംസ്ഥാനത്തെ നോർത്ത് അഗസ്റ്റയിലെ സെന്റ് എഡ്വേർഡ് പള്ളിവികാരിയുമായ ഫാ. ചെറിയാൻ തലക്കുളത്തിനെ ഫ്രാൻസിസ് മാർപാപ്പ പ്രോ എക്ലേസിയ എത് പൊന്റിഫിച്ചേ മെഡൽ നൽകി ആദരിച്ചു. സഭയ്ക്കും മാർപാപ്പയ്ക്കുവേണ്ടിയും എന്നർഥം വരുന്ന ഈ ബഹുമതി ക്രോസ്ഓഫ്ഓണർ അഥവാ ബഹുമാനത്തിന്റെ കുരിശ് എന്നും അറിയപ്പെടുന്നു. ചാൾസ്റ്റൺ രൂപതയ്ക്ക് ഫാ. തലക്കുളം നൽകിയ സമർപ്പണപൂർണവും അസാധാരണവുമായ സേവനത്തെ മാനിച്ചാണ് മാർപാപ്പ ഈ ബഹുമതി നൽകിയത്.

9. ഏഷ്യയിലെ ഏറ്റവും വലിയ അല്മായ പ്രേഷിത സംഘടനയായ ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലിയിലേക്കു പ്രവേശിക്കുന്നു. 1947 ഒക്ടോബർ മൂന്നിന് ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി. ഏബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ ആരംഭിച്ച മിഷൻ ലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഒക്ടോബർ മൂന്നിനു തലശേരി അതിരൂപതയിൽ നടത്തും.75ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ 50,000 ദൈവവിളികളെ സഭയ്ക്കു സംഭാവന ചെയ്യാൻ സംഘടനയ്ക്കു സാധിച്ചു. അതിൽ 52 പേർ വൈദിക മേലധ്യക്ഷന്മാരാണ് എന്നുള്ളത് അഭിമാനകരമാണ്.

10. മധ്യപ്രദേശിൽ വൈദികനെതിരെ ചുമത്തിയ വ്യാജ മതപരിവർത്തന കേസ് സുപ്രീംകോടതി തള്ളി. മതപരിവർത്തനത്തിന് ശ്രമിച്ചു എന്ന വ്യാജ ആരോപണത്തിന്റെ പേരിൽ നാലു വർഷം നീണ്ട നിയമപോരാട്ടം നടത്തിയ കത്തോലിക്ക വൈദികന് ഒടുവിൽ നീതി. സംഘപരിവാർ സംഘടന ഉയർത്തിയ വ്യാജ പരാതിയെ തുടർന്നു കുറ്റാരോപണം നേരിട്ട സത്നായിലെ സെന്റ് എഫ്രേം തിയോളജിക്കൽ കോളേജിലെ പ്രൊഫസ്സറായ ഫാ. ജോർജ്ജ് മംഗലപ്പിള്ളി എന്ന വൈദികനെ സുപ്രീം കോടതിയാണ് കുറ്റവിമുക്തനാക്കിയത്.

11. മൂന്നു സഹോദരങ്ങൾ ഒരേ ദിനത്തിൽ ഒരുമിച്ച് പൗരോഹിത്യം സ്വീകരിച്ച അപൂർവ്വ ചടങ്ങിന് വേദിയായി ഫിലിപ്പീൻസിലെ സെന്റ് അഗസ്റ്റിൻ കത്തീഡ്രൽ. കഗായാൻ ഡി ഒറോ അതിരൂപതാംഗങ്ങളായ ഡീക്കന്മാരായ ജെസേ ജെയിംസ് ഒലയ്വർ അവനീഡോ, ജെസ്റ്റോണി ഒലയ്വർ അവനീഡോ, ജെർസൺ റെയ് ഒലയ്വർ അവനീഡോ എന്നിവരാണ് പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാൾ ദിനമായ സെപ്തംബർ എട്ടിന്ഒരുമിച്ച് തിരുപ്പട്ടം സ്വീകരിച്ചത്. 'കോൺഗ്രിഗേഷൻ ഓഫ് സേക്രട്ട് സ്റ്റിഗ്മാറ്റ' സന്യാസ സഭയ്ക്കുവേണ്ടിയാണ് എല്ലാവരും പൗരോഹിത്യം സ്വീകരിച്ചത്.

12. ഇരുപതാം നൂറ്റാണ്ടിലെ പോളണ്ടിന്റെ കത്തോലിക്ക ചരിത്രത്തിലെ ദീപസ്തംഭങ്ങളായി നിലകൊണ്ട കർദ്ദിനാൾ സ്റ്റെഫാൻ വിസിൻസ്കിയേയും മദർ എൽസ്ബിയറ്റാ റോസാ ക്സാക്കായേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. പരിശുദ്ധ കന്യകാ മാതാവിന്റെ തിരുനാമത്തിന്റെ തിരുനാൾ ദിനമായ സെപ്റ്റംബർ 12 ഞായറാഴ്ച പോളണ്ടിന്റെ തലസ്ഥാനമായ വാർസോയിലെ ടെംപിൾ ഓഫ് ഡിവൈൻ പ്രോവിഡൻസ് ദേവാലയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനക്കിടെ വത്തിക്കാൻ നാമകരണ തിരുസംഘത്തിന്റെ തലവനായ കർദ്ദിനാൾ മാർസെല്ലോ സെമാരോയാണ് പ്രഖ്യാപനം നടത്തിയത്.

13. 4 ദിവസം നീണ്ട ഫ്രാൻസിസ് പാപ്പയുടെ സ്ലോവാക്യൻ അപ്പസ്തോലിക സന്ദർശനം സമാപിച്ചു. സെപ്റ്റംബർ 15 ന് സാസ്റ്റിനിലെ വ്യാകുല മാതാവിന്റെ ദേവാലയത്തിന് പുറത്ത് അർപ്പിച്ച വിശുദ്ധ കുർബാനയോടെയാണ് പാപ്പയുടെ സന്ദർശനത്തിന് സമാപനമായത്. 60,000 ത്തോളം വിശ്വാസികളാണ് ഈ ബലിയർപ്പണത്തിൽ നേരിട്ട് പങ്കുചേർന്നത്.

14. മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ സ്ഥാനത്തേക്ക് കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസനെ എപ്പിസ്കോപ്പൽ സിനഡ് തെരഞ്ഞെടുത്തു. സഭാ ആസ്ഥാനമായ കോട്ടയം ദേവലോകം അരമനയിൽ ചേർന്ന സിനഡിൽ 24 മെത്രാപ്പോലീത്തമാർ പങ്കെടുത്തു. നവംബറിൽ തിരുനാളിനോടനുബന്ധിച്ചു പരുമലയിൽ പുതിയ കാതോലിക്ക ബാവയുടെ സ്ഥാനാരോഹണവും നടക്കും.

15. ചൈനയുടെയും വത്തിക്കാന്റെയും സംയുക്ത അംഗീകാരത്തോടെ വുഹാനിൽ മെത്രാന്റെ സ്ഥാനാരോഹണം നടന്നു.

കൊറോണ വൈറസിന്റെ ഉത്ഭവ കേന്ദ്രമായ ചൈനീസ് പ്രവിശ്യയായ വുഹാനിൽ ഭരണകൂടത്തിന്റെയും ഫ്രാൻസിസ് പാപ്പയുടെയും അംഗീകാരത്തോടെ നിയമിതനായ ഫ്രാൻസെസ്കോ കുയി കിങ്കിയുടെ സ്ഥാനാരോഹണമാണ് നടന്നത്. പരിശുദ്ധ സിംഹാസനവും ചൈനയും തമ്മിൽ മെത്രാന്മാരുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കൈക്കൊണ്ട ഉടമ്പടിയുടെ ഭാഗമായി നിയമിക്കപ്പെട്ട ആറാമത്തെ മെത്രാനാണ് ബിഷപ്പ് കിങ്കി.

16. സീറോമലബാർസഭയുടെ ഇരുപത്തിയൊൻപതാമതു സിനഡിന്റെ രണ്ടാം സമ്മേളനം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ നടന്നു. കോവിഡ് പ്രോട്ടോക്കോൾ പ്രകാരം ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ് സിനഡ് നടന്നത്.

സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരിക്കൊപ്പം ഇന്ത്യയിലും വിദേശത്തും സേവനം ചെയ്യുന്നവരും അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ചവരുമായ 62 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. ആഗസ്റ്റ് 16ന് തിങ്കളാഴ്ച വൈകുന്നേരം ആരംഭിച്ച സമ്മേളനം ആഗസ്റ്റ് 27 ന് സമാപിച്ചു. വിശുദ്ധ കുർബാനയുടെ അർപ്പണ രീതി ഏകീകരിക്കുവാനായി 1999ലെ സഭാ സിനഡ് എടുത്തതും തുടർന്നുള്ള സിനഡുകളിൽ ആവർത്തിച്ച് അംഗീകരിച്ചതുമായ തീരുമാനം 2021 നവംബർ 28-ാം തിയ്യതി ഞായറാഴ്ച മുതൽ സഭയിൽ നടപ്പിലാക്കാൻ സീറോ മലബാർ സിനഡ് തീരുമാനിച്ചു.

17. ഇന്ത്യയിൽ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നനൻസി നിയമം നടപ്പാക്കിയതിന്റെ അൻപതു വർഷം പൂർത്തിയാക്കുന്ന ആഗസ്റ്റ് 10-ാം തീയതി കേരള കത്തോലിക്കാസഭ ജീവന്റെ സംരക്ഷണ ദിനമായി

ആചരിച്ചു. 'ജനിക്കാനും ജീവിക്കാനുമുള്ള സ്വാതന്ത്ര്യം' എന്നതായിരുന്നു ജീവന്റെ സംരക്ഷണ ദിനത്തിന്റെ ആപ്തവാക്യം.

18. വി. മദർ തെരേസയോടുള്ള ആദരസൂചകമായി തപാൽ സ്റ്റാംപുകൾ പുറത്തിറക്കി ഐക്യരാഷ്ട്ര സഭ. മദർ തെരേസയുടെ വിശുദ്ധ പദവി പ്രഖ്യാപനത്തിന്റെ അഞ്ചാം പിറന്നാളിലാണ് യു.എന്നിന്റെ ഈ നടപടി. മദറിന്റെ ചിത്രത്തോടൊപ്പം മദർ പറഞ്ഞ ഒരു വാക്യവും സ്റ്റാംപിൽ ഇടംപിടിച്ചിട്ടുണ്ട്.

"നമുക്കെല്ലാവർക്കും മഹത്തായ കാര്യങ്ങൾ ചെയ്യാനാവില്ല. എന്നാൽ ചെറിയ കാര്യങ്ങൾ മഹത്തരമായ സ്നേഹത്തോടെ നമുക്കെല്ലാം ചെയ്യാൻ സാധിക്കും" എന്ന മദറിന്റെ വാക്കുകളാണ് സ്റ്റാംപിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സെപ്റ്റംബർ നാലിനാണ് വിശുദ്ധ പദവിയി ലേയ്ക്കുള്ള മദർ തെരേസയുടെ പ്രവേശനത്തിന്റെ അഞ്ചാം വാർഷികം.

19. സമർപ്പിതർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള റോമൻ കൂരിയായുടെ ഓഫീസ് മുൻ അധ്യക്ഷനും കാമർലെങ്കോയായി സേവനം ചെയ്തിട്ടുമുള്ള കർദ്ദിനാൾ മർത്തിനെസ് സൊമാലോ അന്തരിച്ചു. മാർപാപ്പമാരുടെ മരണത്തിനോ, സ്ഥാനത്യാഗത്തിനോ ശേഷം, പുതിയ പാപ്പായെ തിരഞ്ഞെടുക്കുന്നത് വരെ സഭയുടെ സ്വത്തിന്റെയും വരുമാനങ്ങളുടെയും സൂക്ഷിപ്പുകാരനായി സേവനം ചെയ്യുവാൻ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണ് കാമർലെ ങ്കോ.

20. 2022 ജൂണിൽ റോം കേന്ദ്രവേദിയാക്കി സംഘടിപ്പിക്കുന്ന പത്താമത് ലോക കുടുംബ സംഗമത്തിന്റെ ഔദ്യോഗിക ചിത്രം വത്തിക്കാൻ പുറത്തുവിട്ടു. ഈശോസഭാംഗമായ സ്ലോവേനിയൻ വൈദികൻ ഫാ. മാർക്കോ ഇവാൻ റുപ്നിക് വരച്ച ചിത്രമാണ് അൽമായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി പുറത്തുവിട്ടത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന കാനായിലെ കല്യാണവും, യേശുവിന്റെ ആദ്യത്തെ അത്ഭുതവുമാണ് 'ഇത് ഒരു വലിയ രഹസ്യമാണ്' എന്ന തലക്കെട്ടോടെ പുറത്തിറക്കിയിരിക്കുന്ന ഔദ്യോഗിക ചിത്രത്തിന്റെ പ്രമേയം.

21. ലോകത്തെ ഏറ്റവും വലിയ മത-മാധ്യമ ശ്രംഖലയും കത്തോലിക്ക മാധ്യമവുമായ 'ഇ.ഡബ്ല്യു.ടി.എൻ (എറ്റേണൽ വേർഡ് ടെലിവിഷൻ നെറ്റ്വർക്ക്) സ്ഥാപകയായ മദർ ആഞ്ചെലിക്കയുടെ പേരിൽ ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം മുൻ ഫിലാഡെൽഫിയ

മെത്രാപ്പോലീത്ത ചാൾസ് ജെ. ചാപുട്ടിന്. 'ഫോക്കസ്' (ഫെല്ലോഷിപ്പ് കാത്തലിക് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ്), ദി അഗസ്റ്റീനിയൻ ഇൻസ്റ്റിറ്റ്യൂട്ട്, എൻഡോവ് (എജ്യൂക്കേറ്റിംഗ് ഓൺ ദി നേച്ചർ ആൻഡ് ഡിഗ്നിറ്റി ഓഫ് വിമൻ) തുടങ്ങിയ അപ്പസ്തോലിക കൂട്ടായ്മകളുടെ പ്രോത്സാഹ നത്തിനും, അത്മായരുടെ ശാക്തീകരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങളാണ് എഴുപ്പത്തിയാറുകാരനായ മെത്രാപ്പോലീ ത്തയെ അവാർഡിനർഹനാക്കിയത്.

22. ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ പുതിയ ജനറൽ സെക്രട്ടറിയായി ടോക്കിയോയിലെ ആർച്ച് ബിഷപ്പ് ടാർസിസിയോ ഐസോ കിക്കുച്ചിയെ തെരഞ്ഞെടുത്തു. ബിഷപ്പ് സ്റ്റീഫൻ ലീ ബൻ-സാങ്ങിന്റെ രാജിയുടെ പശ്ചാത്തലത്തിലാണ് ആർച്ച് ബിഷപ്പ് ടാർസിസിയയുടെ നിയമനം. വത്തിക്കാന്റെ അംഗീകാരത്തോടെ സ്ഥാപിതമായ തെക്കുകിഴക്കൻ മധ്യേഷ്യൻ രാജ്യങ്ങളിലായി വ്യാപിച്ച് കിടക്കുന്ന മെത്രാൻ സമിതിയുടെ കൂട്ടായ്മയാണ് ഏഷ്യൻ ബിഷപ്പ്സ് കോൺഫറൻസ്.

23. വിശുദ്ധ പാദ്രെ പിയോയുടെ സഹായിയും നാമകരണ നടപടികളിൽ സാക്ഷിയുമായിരുന്ന കപ്പുച്ചിൻ വൈദീകൻ ഫാ. മർചെല്ലിനോ നിര്യാതനായി. 91 വയസ്സായിരുന്നു. 1965 ഏപ്രിൽ 26 മുതൽ സെപ്റ്റംബർ 26 വരെ വിശുദ്ധ പാദ്രേ പിയോയുടെ സഹായി പ്രവർത്തിച്ച ഫാ. മർചെല്ലിനോ തന്റെ വ്യക്തിപരമായ അടുപ്പത്തിന്റെ വെളിച്ചത്തിൽ പാദ്രെ പിയോയെ കുറിച്ചു നാല് പുസ്തകങ്ങളും രചിച്ചിരിന്നു. പാദ്രെ പിയോ പിതാവ് ഒരു വിശുദ്ധന്റെരൂപം, പാദ്രെ പിയോ പരിശുദ്ധ കന്യകയെക്കു റിച്ച് പറയുന്നു, പരിശുദ്ധ കന്യക പാദ്രെ പിയോയുടെ ജീവിതത്തിൽ എന്നീ പുസ്തകങ്ങൾ ആയിരിന്നു അവ.

24. 2023 ഒക്ടോബറിൽ റോമിൽവെച്ച് നടക്കുന്ന മെത്രാൻമാരുടെ സിനഡിന്റെ മെത്തഡോളജി കമ്മീഷൻ അംഗമായി ദക്ഷിണാഫ്രിക്കൻ കന്യാസ്ത്രീ നിയമിതയായി. മിഷ്ണറി സിസ്റ്റേഴ്സ് ഓഫ് ദി പ്രെഷ്യസ് ബ്ലഡ് (സി.പി.എസ്) സഭാംഗമായ സിസ്റ്റർ ഹെർമെനെഗിൽഡ് മകോറോയ്ക്കാണ് അപ്രതീക്ഷിത നിയമനം ലഭിച്ചിരിക്കുന്നത്. 2014-ൽ ഫ്രാൻസിസ് പാപ്പ പുതുതായി രൂപീകരിച്ച പ്രായപൂർത്തിയാ കാത്ത വരുടെ സംരക്ഷണത്തിനുള്ള പൊന്തിഫിക്കൽ കമ്മീഷനിലേക്ക് സിസ്റ്റർ മകോറോയെ നിയമിച്ചിരിന്നു.

25. ബൈബിൾ പ്രസാധനരംഗത്ത് പുതിയ കാൽവയ്പായി ഹീബ്രുവിലും

ഗ്രീക്കിലുമുള്ള പഠനപതിപ്പുകൾ ഇന്ത്യയിൽ ഇദംപ്രഥമമായി ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ചു. പഴയനിയമത്തിന്റ മൂലഭാഷയായ ഹീബ്രുവിലും, പുതിയനിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിലും തയാറാക്കിയിരിക്കുന്ന ഈ പതിപ്പുകൾ വൈദിക വിദ്യാർഥികൾക്കു മാത്ര മല്ല, ഭാഷാപഠിതാക്കൾക്കും ഏറെ ഉപകാരപ്രദമാണ്.

26. സുറിയാനി കത്തോലിക്കാ സഭയുടെ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ ഇടയനും ഗുരുഗ്രാം ബിഷപ്പുമായ ജേക്കബ് മാർ ബർണബാസ് പിതാവ് കാലം ചെയ്തു. കോവിഡാനന്തര ചികിത്സയിലായിരിന്നു. 2007 മാർച്ച് 22നു അദ്ദേഹം ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ അജപാലന പ്രദേശ പരിധിക്ക് പുറത്തുള്ളവരുടെ അപ്പസ്തോലിക് വിസിറ്റർ ആയി നിയമിക്കപ്പെട്ടു. 2015 മെയ് 1 ഗുഡ്ഗാവ് സെന്റ് ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷനായി നിയമിതനായി. പിന്നീട് ഗുരുഗ്രാം രൂപതാധ്യക്ഷനായി സ്ഥാനമേറ്റു.

27. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ഫാ. വർഗീസ് വിനയാനന്ദ് ഓഐസിയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഡോ. ജേക്കബ് മാർ ബർണബാസിന്റെ ദേഹവിയോഗത്തെ തുടർന്ന് ഒരു അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ നിയമിക്കണമെന്നുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ നിർദേശം പരിഗണിച്ചാണ് നിയമനം.

28. മാനവ വികസനത്തിനായുള്ള വത്തിക്കാൻ വിഭാഗത്തിന്റെ ഇടക്കാല സെക്രട്ടറിയായി കന്യാസ്ത്രീയെ ഫ്രാൻസിസ് പാപ്പ നിയമിച്ചു. ക്രൈസ്തവരുടെ സഹായമായ മറിയത്തിൻറെ പുത്രികൾ (Daughters of Mary Help of Christians) അഥവാ സലേഷ്യൻ സന്ന്യാസിനീ സമൂഹാംഗ മായ സിസ്റ്റർ അലെസ്സാന്ദ്ര സ്മെറീല്ലിയെയാണ് പാപ്പ പുതിയ പദവിയിൽ നിയമിച്ചിരിക്കുന്നത്. 46 വയസ്സുള്ള സിസ്റ്റർ സ്മെറില്ലി ഇറ്റലി സ്വദേശിനിയാണ്. മാർച്ച് മുതൽ വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ ഉപകാര്യദർശിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു സിസ്റ്റർ അലെസ്സാന്ദ്ര.

# Catechism News

**FESTAL GREETINGS:**

On behalf of the catechism department, prayerful wishes and festal greetings to our Head Mistress Sr. Therese John as she celebrates her feast on 1st October.

**ST. THERESA OF LISEUX, PRAY FOR US:**

The feast of our heavenly patron for CML, St. Theresa of Lisieux is on 1st October. Let us seek her intercession for all the missionaries throughout the world and for their mission work

**EXAMINATION:**

1st semester examination for classes I to XII will be held on 10th October. All the students are requested to prepare well for the examination. Further details will be informed by the concerned class teachers.

**FEAST OF CHARLES BORROMEO:**

November 4th is the feast of St. Charles Borromeo, the patron of catechist. On this day we celebrate our teacher’s day.

**DIOCESE LEVEL COMPETITION WINNERS:**

**SPEECH COMPETITION:**

Category II: Joviya John Paul (IVth)- FIRST PRIZE

Category IV- Ancitta Shrine (XIth)- THIRD PRIZE

CML QUIZ COMPETITION:

Tinu Antony (VIIIth)- FIRST PRIZE

Smitha Maria Thomas- (VIIIth)- SECOND PRIZE

Congratulation to the prize winners!

SAMUDHRA THARAM:

Heart felt thanks and prayers to the teachers, parents and students of classes 10th, 11th and 12th for their cooperation in making the online program “SAMUDRA THARAM” a grand success. Special thanks to our Vicar, Asst. Vicar and Head Mistress for all their support and guidance throughout the program

# KIDS CORNER

**Start a peaceful and colourful time with Bible colouring.
Stay with God and grow in faith**

Jesus Blesses the Little Children And he took them up in his arms, put his hands upon them, and blessed them (Mark 10:16)





# Marian Knowledge

1. "Our Lady has never refused me a grace through the recitation of the rosary." Whose words are they?

   St. Padre Pio

2. "The soul which recommends itself to me by the recitation of the Rosary shall not perish." Whose words are they?

   Mary to St. Dominic

3. What were the words of Pope Pius IX regarding the rosary?

   “I could convert the whole world, if I had an army praying the rosary.”

4. What were the words of St. Francis de Sales on Rosary?

   “The best method of prayer is the rosary, if you say it well.”

5. To whom did Don Bosco say, “I am willing to give up your cherished friendship, but I shall not abandon the recitation of the rosary”?

   To Minister Rattazzi

6. To whom did Mother Mary say, “I am the Lady of the Rosary”?

   To Lucy (Fatima)

7. What did Pope John Paul II say about praying the rosary?

   “The rosary is my favourite prayer. A marvellous prayer! Marvellous in its simplicity and its depth.”

8. What was the promise of Our Lady to St. Dominic and St. Bernadette as regarding the recitation of the rosary?

   “Whatever you ask through the rosary, it shall be given to you.”

9. Who said, “Keep Mary in your heart and Jesus will grow in your heart.”?

   Archbishop Fulton J. Sheen.

10. What did St. Bernard say about Mary and her followers?

    “Following Mary you never go astray, asking her you never despair, thinking of her you never go wrong.”

# OCTOBER 2021

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| **31**<br>Ex 40:17-29,34-38<br>Is 6:1-8<br>1Cor 13:1-13<br>Mt 16:13-19 | | | | | **1**<br>Eph 3:14-19<br>Mt 18:1-5 | **2**<br>Acts 12:6-11<br>Mt 18:10-14 |
| **3**<br>Deut 9:13-24<br>Is 26:1-11<br>Phil 4:4-9<br>Mt 15:21-28 | **4**<br>Gal 6:14-17<br>Mt 11:25-30 | **5**<br>2 Tim 2:21-26<br>Mt 5:13-16 | **6**<br>Heb 2:1-4<br>Lk 20:20-26 | **7**<br>2 Jn 4-11<br>Jn 5: 39-47 | **8**<br>2 Tim1:1-7<br>Lk 21:7-19 | **9**<br>2 Tim 1: 8-14<br>Lk 10: 17-21 |
| **10**<br>Deut 11:1-9<br>Is 40:12-17<br>2 Cor 2:12-17<br>Mt 20:1-16 | **11**<br>Tit 3:1-7<br>Lk 10:38-42 | **12**<br>Heb 4:1-11<br>Lk 11:14-23 | **13**<br>1 Cor 1:24-31<br>Lk 11:24-26 | **14**<br>Heb 10:1-10<br>Lk 9:28-36 | **15**<br>Col 2:20-3:4<br>Jn 14:18-24 | **16**<br>1 Pet 4:12-19<br>Jn 10:1-15 |
| **17**<br>Deut 11:26-32<br>Is 41:1-7<br>1Cor9:13-18<br>Mt 10:1-15 | **18**<br>Col 4:10-15<br>Lk 10:1-9 | **19**<br>Gal 6:11-18<br>Lk 4:38-44 | **20**<br>Heb 11:11-22<br>Lk 11:37-42 | **21**<br>Rom 14:10-13<br>Mt 25:1-13 | **22**<br>Heb 2:5-9<br>Lk 16:1-8 | **23**<br>Heb 12:1-11<br>Lk 9:18-20 |
| **24**<br>Deut 13:12-18<br>Is 41:8-16<br>Gal 6:1-10<br>Mt 8:23-34 | **25**<br>Heb 2:10-18<br>Mt 24:3-14 | **26**<br>1 Thess 4:9-12<br>Jn 11:1-16 | **27**<br>1 Cor 15:35-41<br>Mt 25:14-30 | **28**<br>Eph 6:10-17<br>Jn 15:18-25 | **29**<br>Heb 10:11-18<br>Mt 16:5-12 | **30**<br>Jude 5-7<br>Jn 9:17-23 |

# NOVEMBER 2021

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | **1**<br>1Jn 3:1-3<br>Mt 5:1-12 | **2**<br>1Cor 15:51-58<br>Jn 11:17-27 | **3**<br>Jas 1:19-25<br>Lk 8:26-39 | **4**<br>Rev 3:8-13<br>Mt 9:35-38 | **5**<br>Col 1:21-23<br>Lk 1:5-25 | **6**<br>Acts 10:9-16<br>Lk 5:1-11 |
| **7**<br>Ex 40:1-16<br>1 Kgs 8:22-29<br>Heb 8:1-6<br>Mt 12:1-13 | **8**<br>2 Cor 4:11-15<br>Mt 19:16-22 | **9**<br>1 Cor 4:1-5<br>Jn 6:47-53 | **10**<br>2 Cor 11:7-15<br>Mk 10:28-30 | **11**<br>2 Cor 11:16-21<br>Lk 10:8-16 | **12**<br>Gal 4:12-20<br>Jn 14:1-7 | **13**<br>3 Jn 5-12<br>Lk 22:24-30 |
| **14**<br>Num 9:15-18<br>Is 54:1-10<br>Heb 9:5-15<br>Jn 2:13-22 | **15**<br>Heb 13:9-16<br>Lk 11:1-4 | **16**<br>Jude1:17-25<br>Lk 8:1-3 | **17**<br>Col 3:22-25<br>Mt 16:21-28 | **18**<br>Rev 19:5-10<br>Mt 22:1-14 | **19**<br>Rev 19:11-16<br>Jn 18:28-37 | **20**<br>Rev 21:9-14<br>Lk 9:10-17 |
| **21**<br>1 Kgs 6:11-19<br>Ezek 43:1-7<br>Heb 9:16-28<br>Mt 22:41-46 | **22**<br>Rev 4:1-11<br>Mt 6:19-21 | **23**<br>1 Thess 4:1-8<br>Mk 5:25-34 | **24**<br>Heb 1:1-4<br>Mk 12:18-27 | **25**<br>1 Pet 1:3-7<br>Jn 17:12-19 | **26**<br>Rev 14:1-7<br>Lk 19: 45-48 | **27**<br>1 Pet 4:1-10<br>Jn 12:37-43 |
| **28**<br>Gen17:15 - 22<br>Is 43:1-7,10-11<br>Eph 5:21-6:4<br>Lk 1:5-25 | **29**<br>Gal 3:9-14<br>Lk 9:37-43a | **30**<br>Rom 13:8-14<br>Mt 4:18-22 | | | | |

**K.J GEORGE**
Cell: 9865259919

Nirmala
**MATHA**
**CHITS (TAMIL NADU) PVT.LTD**

✆ 0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine

## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377



**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

## MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12